# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 19, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--316]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
| --- | --- |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 2367 മുതൽ 2501 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 2502 മുതൽ 2589 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 2590 മുതൽ 2626 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 2627 മുതൽ 2682 വരെ |

### പാക്കറ്റ് വെളിച്ചെണ്ണയിൽ മായം

T 2367. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് വെളിച്ചെണ്ണകളിൽ പലതും അപകടകരമാംവിധം മായം കലർന്നതാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അതു പ്രകാരമുള്ള കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഭക്ഷ്യ വസ്തുക്കളിൽ ശരീരത്തിന് ദോഷകരമാം വിധം മായം കലരുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ ഏന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

### ഫുഡ് സേഫ്റ്റി ഓഫീസുകൾ

2368. ശ്രീ.കെ.ശിവദാസൻ നായർ

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസുകൾ ആരംഭിക്കണമെന്ന നിയമസഭാ കമ്മിറ്റിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

## പേവിഷ പ്രതിരോധ മരുന്നുകൾ

2369. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര പേരാണ് പേവിഷ ബാധയേറ്റ് ചികിത്സ തേടുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇതിൽ എത്ര പേർ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നു;

(ബി) ഇത്രയും പേർക്ക് ചികിത്സ നൽകുന്നതിനുള്ള മരുന്നുകൾ സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാണോ; സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്നിന് ദൗർലഭ്യം നേരിടുന്നുണ്ടോ;

(സി) പേവിഷ പ്രതിരോധ മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതിനുള്ള കാരണമെന്തെന്നാണ് സർക്കാർ കരുതുന്നത്;

(ഡി) മെഡിക്കൽ കോർപ്പറേഷൻ ഈ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം നൽകുന്നുണ്ടോ; കോർപ്പറേഷനിൽ ഇപ്പോൾ മരുന്ന് ഉണ്ടോ;

(ഇ) പേവിഷ പ്രതിരോധ മരുന്നുകൾ യഥേഷ്ടം ലഭ്യമാക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി. എച്ച്. സി മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിന് നടപടി.

2370. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി. എച്ച്. സി മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നത് സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് സഹിതമുള്ള ശിപാർശ ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭരണപരമായ പ്രയാസങ്ങൾ കണക്കിലെടുത്ത് മങ്കട ഹെൽത്ത് ബ്ലോക്കിനു കീഴിലുള്ള മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി. എച്ച്. സിയെ മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റി ഉത്തരവ് നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

## പബ്ലിക്ക് ഹെൽത്ത് ലാബ്

2371. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് അനുവദിച്ച പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ലാബ് പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ ;

(സി) ആവശ്യമായ ജീനക്കാരുടെ എണ്ണമുൾപ്പെടെ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ വിശദമായ പ്രൊപ്പോസലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ ;

(ഡി) പബ്ലിക്ക് ഹെൽത്ത് ലാബിനുവേണ്ട മിനിമം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് എത്രയും വേഗം പ്രവർത്തനമാരംഭിക്കുമോ ?

## സൗജന്യഭക്ഷണം - ഭക്ഷ്യവിഷബാധ സ്വീകരിച്ച നടപടി

2372. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനലക്ഷങ്ങളുടെ സാന്നിദ്ധ്യമുണ്ടാകുന്ന ഉൽസവങ്ങളിൽ നൽകുന്ന സൗജന്യഭക്ഷണം ഭക്ഷ്യവിഷബാധയുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോ ;വിശദാംശങ്ങൾ അറിയിയ്ക്കുമോ ?

## ഇ-ഹെൽത്ത് പദ്ധതി

2373. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും;

(സി) സംസ്ഥാന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് സർക്കാർ ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലങ്കിൽ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളേയും പദ്ധതിക്കു കീഴിൽ ഉൾപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അടിയന്തരമായി പൂർത്തിയാക്കുന്നതരത്തിൽ പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

## പി .എച്ച് .സി. കൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ

2374. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി .എച്ച് .സി കൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഉണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവ എത്ര വീതം ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ ?

## ആശ വർക്കേഴ്സിന്റെ ചുമതലകൾ ഓണറേറിയം

2375. **ഡോ.കെ.ടി.ജലീൽ**
**ശ്രീമതി.കെ.എസ്.സലീഖ**
**,, കെ.കെ.ലതിക**
**ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് അക്ടിവിസ്റ്റ് (ആശ)കളുടെ സേവനത്തെ കുറിച്ച് വിലയിരുത്താറുണ്ടോ ; അവരുടെ ചുമതലകൾ എന്തൊക്കെയാണ് ;

(ബി) ആശ വർക്കേഴ്സ് നടത്തിയ സമരത്തെ തുടർന്ന് ആരോഗ്യവകുപ്പ് മന്ത്രി നല്കിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; അവ പാലിക്കപ്പെട്ടോ ;

(സി) ആശ വർക്കേഴ്സിന്റെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇവരുടെ സേവനം കണക്കിലെടുത്ത് ഓണറേറിയത്തിനു പകരം വേതനം നൽകുന്നതിനെ കുറിച്ച് സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ?

<u>പേ വിഷബാധയ്ക്കെതിരെ സ്വീകരിച്ച നടപടികൾ</u>

2376. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ആക്രമണം മൂലം പേവിഷബാധ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുറുക്കന്റെ ആക്രമണം മൂലവും പേവിഷ ബാധ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആന്റി റാബിസ് സിറം ഗവണ്മെന്റ് ആശുപത്രികളിൽ ലഭ്യമല്ലാത്തതുകൊണ്ട് പേ വിഷബാധയേറ്റവർ സ്വകാര്യ ആശുപത്രിയിൽ കൂടുതൽ പണം ചിലവാക്കേണ്ടതായ സാഹചര്യം പരിശോധിച്ചുവോ; എങ്കിൽ സിറം ലഭ്യമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം സർക്കാർ ആശുപത്രി വഴി എത്ര പേർക്ക് സൗജന്യമായി വാക്സിനും, എ.ആർ.എസും നല്കി എന്നും; അടുത്ത വർഷത്തേക്ക് എത്ര പേർക്ക് ചികിത്സ നൽകുവാനുള്ള വാക്സിനും, എം. ആർ. എസും വാങ്ങുവാൻ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ എത്ര പേർക്കു നൽകുവാനുള്ള വാക്സിൻ, എ. ആർ.എസ് നിലവിലുണ്ട്; ജില്ല തിരിച്ചു വിശദാംശം ലഭ്യമാക്കുമോ;

<u>ബി.എസ്.സി. ഓപ്റ്റോമെട്രി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്</u>

2377. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.സി. ഓപ്റ്റോമെട്രി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേ വാർഡുകൾ</u>

2378. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ എവിടെയൊക്കെയാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസിനു കീഴിൽ പേവാർഡുകൾ പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഓരോന്നിലും പേ വാർഡുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത് ;

(സി) ഒരു വർഷത്തിനിടെ റൂമുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) റൂമുകളുടെ വാടക വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ എവിടെയൊക്കെയാണെന്നും, ഓരോ ഇനത്തിലും വർദ്ധിപ്പിച്ച തുക എത്രയെന്നും , എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ?

<u>ആശാ വർക്കർമാരുടെ ഓണറേറിയം</u>

2379. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഡിസംബർ 8 മുതൽ സെക്രട്ടേറിയറ്റിന് മുന്നിൽ ആശാവർക്കേഴ്സ് ഫെഡറേഷൻ നടത്തി വന്ന സമരത്തെത്തുടർന്ന് നടത്തിയ ചർച്ചയിൽ ബഹു.മന്ത്രി നൽകിയ ഉറപ്പുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14 ലെ മൂന്ന് മാസത്തെ ഓണറേറിയം 2014 ക്രിസ്തുമസിനു മുമ്പ് വിതരണം ചെയ്തിട്ടുണ്ടോ ; 2014-15 ലെ ഓണറേറിയം 2015 ജനുവരി 30 -ന് മുമ്പ് നല്കിയിട്ടുണ്ടോ ;

(സി) ആശാ വർക്കർമാരുടെ ആനുകൂല്യം അടുത്ത വർഷത്തെ പദ്ധതി രേഖയിൽ വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ജില്ലകളിൽ ആശാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയി എന്ന് വ്യക്തമാക്കുമോ ?

<u>സേഫ് കേരള പദ്ധതി</u>

2380. ശ്രീ.പി.തിലോത്തമൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ശശി

,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി സേഫ് കേരള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മഞ്ഞപിത്തം, ടൈഫോയിഡ്, വയറിളക്ക രോഗങ്ങൾ, ഭക്ഷ്യ വിഷബാധ തുടങ്ങിയവ എവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയമനം

2381. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പുതിയ പോസ്റ്റുകൾ ക്രീയേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ എത്രയുംവേഗം റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

## കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേഡ് പ്രകാരമുള്ള ഗുണനിലവാരത്തിലേക്ക് ഉയർത്തൽ

2382. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളേയും ജനറൽ ആശുപത്രികളേയും കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേഡ് പ്രകാരമുള്ള ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി കേന്ദ്ര സഹായം ഉൾപ്പടെ 5 കോടി രൂപ 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടത് നാളിതുവരെ വിയോഗിച്ചതിന്റെ വിശദാംശങ്ങൾ, ജില്ലാ ആശുപത്രികൾ ജനറൽ ആശുപത്രികൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കുമോ ?

## ലാബ് ടെക്നീഷ്യന്മാരുടെ പ്രൊമോഷൻ തസ്തിക

2383. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ-യുടെ കീഴിൽ വരുന്ന ലാബ് ടെക്നീഷ്യന്മാരുടെ പ്രൊമോഷൻ തസ്തികയായി ജൂനിയർ സയന്റിഫിക്ക് ഓഫീസർമ്മാരുടെ എത്ര തസ്തികകൾ ഉണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഈ തസ്തിക ഡി.എച്ച്.എസ്സിന്റ കീഴിലുള്ളത് ഗസറ്റഡ് തസ്തികയും എന്നാൽ ഡി.എം.ഇയുടെ കീഴിൽ നോൺ ഗസറ്റഡ് തസ്തികയും ആണെന്ന കാര്യം അറിയുമോ;

(സി) ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

## എൻ.ആർ.എച്ച്.എം. മുഖേന ലഭ്യമാക്കിയ തുക

2384. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ സി.എച്ച്.സി. യിലും വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 2011 മെയ് മാസത്തിനുശേഷം നാളിതുവരെ വികസന പ്രവർത്തനങ്ങൾക്കും മറ്റു പദ്ധതി പ്രവർത്തനങ്ങൾക്കുമായി എൻ.ആർ.എച്ച്.എം. മുഖേന എത്ര തുക ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിനും അനുവദിച്ച ഫണ്ടും അനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

## എച്ച് .ഐ .വി ബാധിതർ

2385. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗമാരക്കാർക്കിടയിൽ എച്ച് .ഐ .വി ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച് .ഐ .വി ബാധിതരുടെ എണ്ണം കൃത്യമായി എടുക്കുന്നതിന് സ്വകാര്യ ആശുപത്രി ,സ്വകാര്യ ലാബ് എന്നിവിടങ്ങളിൽ നിന്നും പരിശോധന വിവരങ്ങൾ

ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ലഹരി മരുന്ന് കുത്തിവയ്പ്പ് തുടങ്ങിയ കാരണങ്ങളിലൂടെ എച്ച് .ഐ .വി പകരുന്നത് തടയുന്നതിനായി ആരോഗ്യ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ യുവാക്കൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

## ജീവിത ശൈലി രോഗങ്ങൾ

2386. **ശ്രീ.എം.എ.** വാഹീദ്

**,,** സി.പി.മുഹമ്മദ്

**,,** അൻവർ സാദത്ത്

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമേഹം, ക്യാൻസർ രോഗങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതശൈലി രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

## ദേശീയ ആരോഗ്യ മിഷൻ

2387. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ മിഷൻ വഴി സംസ്ഥാനത്ത് എത്ര രൂപയാണ് അനുവദിച്ചു കിട്ടിയിട്ടുള്ളതെന്ന് വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഇതിൽ നിന്ന് ഓരോ ജില്ലയിലും അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ കണക്ക് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നു വിശദമാക്കാമോ?

## അമൃതം ആരോഗ്യം പദ്ധതി

2388. **ശ്രീ.എം.പി.**വിൻസെൻറ്

**,,** ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'അമൃതം ആരോഗ്യം പദ്ധതി' എന്ന് മുതൽ ആരംഭിച്ചു;പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) വർദ്ധിച്ചു വരുന്ന ജീവിതശൈലി രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനായി പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയെപ്പറ്റി അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>പമ്പാ നദിയിലെ മാലിന്യനിർമ്മാർജ്ജനം</u>

2389. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ നദിയിലെ മാലിന്യനിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് പദ്ധതിയെന്നും ആയത് ഏത് ഘട്ടംവരെയായി എന്നും വിശദീകരിക്കാമോ ; എന്തൊക്കെ നടപടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) പമ്പാ നദിയിലെ ജലത്തിൽ അടങ്ങിയിരിക്കുന്ന കോളിഫോം ബാക്ടീരിയയുടെ അളവ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; അവസാന പരിശോധനയിൽ തെളിഞ്ഞ കോളിഫോം ബാക്ടീരിയയുടെരിയയുടെ അളവ് എത്രയാണെന്ന് അറിയിക്കുമോ ;

(സി) അവസാന പരിശോധനയിലെ കോളിഫോം ബാക്ടീരിയയുടെ അളവ് അനുസരിച്ച് പമ്പാ നദിയിലെ ജലം ഉപയോഗയോഗ്യമാണോ ; നിത്യോപയോഗത്തിന് ഉപയോഗിക്കാൻ കഴിയുന്ന അളവിലും എത്ര കൂടുതലായി പമ്പാ നദിയിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പമ്പാ നദിയിലെ കുടി വെള്ള പദ്ധതികളും മറ്റും കണക്കാക്കി വെള്ളത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവ് കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; ഇല്ലെങ്കിൽ ഇതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>പേരയം ആയുർവേദ ആശുപത്രിക്ക് കെട്ടിടം</u>

2390. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പേരയം ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ഭരണാനുമതി നാളിതുവരെ ലഭ്യമാകാത്തതിന്റെ കാരണം അറിയുമോ;വിശദമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം. ന്റെ കീഴിലുള്ള ആശുപത്രികൾക്ക് ഭൗതിക സാഹചര്യമൊരുക്കുന്നതിന് എ.ഡി.എഫ്. ഉപയോഗിക്കാൻ അനുമതി നല്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പേരയം ആയൂർവേദ ആശുപത്രിക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി/തിരസ്കരണ ഉത്തരവ് അടിയന്തരമായി നല്കുമോ; എങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്ന് അറിയിക്കുമോ?

<u>പാൽ നല്ലവണ്ണം തിളപ്പിക്കാതെ ഉപയോഗിക്കുന്നത് മൂലം ആരോഗ്യപ്രശ്നങ്ങൾ</u>

2391. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ നല്ലവണ്ണം തിളപ്പിക്കാതെ ഉപയോഗിക്കുന്നതുമൂലം എന്തെല്ലാം അസുഖങ്ങൾ പകരാൻ സാദ്ധ്യതയുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നല്കുമോ;

(ബി) സംസ്ഥാനത്തെ ഹോട്ടലുകളിലും തട്ടുകടകളിലും പാൽ നേരിട്ട് തിളപ്പിക്കാതെ മറ്റൊരു പാത്രത്തിലെ വെള്ളത്തിൽ പാലൊഴിച്ച പാത്രം വച്ച് ചെറുതായൊന്ന് ചൂടാക്കി ചായയും കാപ്പിയും ഉണ്ടാക്കി നല്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണ്; ഇത് പരിശോധിക്കുന്നതിനും പാൽ ആവശ്യമായത്രയും തിളപ്പിക്കാതെ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

<u>ദേശീയ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്</u>

2392. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാനത്തിന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണോ; എങ്കിൽ എവിടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) തിരുവനന്തപുരത്തെ ആയുർവേദ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദമാക്കാമോ;

(ഇ) ഈ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനാവശ്യമായ കേന്ദ്രസഹായം എത്രയാണ് പ്രതീക്ഷിക്കുന്നത്; പദ്ധതിയുടെ പ്രതീക്ഷിത ചെലവെത്രയാണ്;

(എഫ്) ഈ പദ്ധതിക്കാവശ്യമായ കേന്ദ്രസഹായം ഉൾപ്പെടെ ലഭ്യമാക്കി പദ്ധതി സാക്ഷാത്കരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

## എച്ച്.വൺ .എൻ.വൺ പനിയും പ്രതിരോധ സംവിധാനങ്ങളും

T 2393. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.വൺ .എൻ.വൺ പനിബാധിതരുടെ എണ്ണവും മരണസംഖ്യയും ആശങ്കാജനകമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്നത്തെ രീതിയിൽ ആരോഗ്യ വകുപ്പമാത്രം ശ്രമിച്ചതുകൊണ്ട് രോഗം പടർന്നു പിടിക്കുന്നത് തടയാൻ കഴിയില്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് മറ്റു വകുപ്പകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഡി) ഈ രംഗത്ത് വകുപ്പകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ

(ഇ) ശാസ്ത്രീയമായ രീതിയിൽ സാമ്പിളുകൾ ശേഖരിക്കുന്നതിന് ആരോഗ്യവകുപ്പ് ജീവനക്കാർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

## ട്രോമാ കെയർ യൂണിറ്റ്

2394. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ട്രോമാകെയറിൽ നിലവിലുള്ള എല്ലാ സംവിധാനങ്ങളും ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന്

വിനിയോഗിക്കുന്നുണ്ടോ എന്നും ഇതുകൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; ട്രോമാ കെയറിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ച് അടിയന്തര പരിഹാരം ഉണ്ടാക്കുമോ;

(ബി) ഇതിനുവേണ്ടി ലഭിച്ച ഉപകരണങ്ങളും പരിശീലനം നേടിയ ഡോക്ടർമാരുമടക്കമുള്ള ജീവനക്കാരും ട്രോമാ കെയറിന്റെ പ്രവർത്തനത്തിന് എന്ത് സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ട്രോമാ കെയർ യൂണിറ്റ് ശരിയായ തരത്തിൽ പ്രവർത്തിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>പുകയില ഉല്പന്ന വില്പന ദൂരപരിധി</u>

2395. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കരുതെന്നുള്ള ദൂരപരിധി 100 മീറ്റർ എന്നത് 500 മീറ്റർ ആക്കി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>റാബിസ് വാക്സിൻ ലഭ്യത</u>

2396. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ആശുപത്രികളിൽ ആന്റി റാബിസ് വാക്സിൻ ലഭ്യമല്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ആന്റി റാബിസ് വാക്സിൻ ലഭ്യമല്ലാത്തതിനാൽ തൃശ്ശൂർ ജില്ലയിൽ ചികിത്സക്കു എത്തുന്നവരെ മറ്റ് ജില്ലകളിലെ ആശുപത്രികളിലേക്ക് അയക്കുന്നതായി അറിയുമോ;

(സി) തൃശ്ശൂർ ജില്ലയിൽ മെഡിക്കൽ കോളേജുൾപ്പെടെയുള്ള എല്ലാ ആശുപത്രികളിലും ആന്റി റാബിസ് വാക്സിൻ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ആധുനിക കാൻസർ ചികിത്സാ സംവിധാനങ്ങൾ</u>

2397. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, ഇ.പി.ജയരാജൻ

,, എസ്.ശർമ്മ

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കാൻസർ, പ്രമേഹ, ഹൃദ്രോഗ, മസ്തിഷ്കാഘാത നിയന്ത്രണ പരിപാടി (NPCDCS) പ്രകാരം സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) ആരോഗ്യവകുപ്പിന് കീഴിൽ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി നടപ്പാക്കിയ കാൻസർ ചികിത്സാ സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) മലബാർ കാൻസർ സെന്റർ വിപുലീകരണത്തിനായി നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) സർക്കാർ പ്രഖ്യാപിച്ച കൊച്ചി കാൻസർ സെന്ററിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ ?

## ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

2398. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലുള്ള ആരോഗ്യ, ഹോമിയോപ്പതി, ദന്തൽ, നേത്ര, ഭാരതീയ ചികിത്സാ വകുപ്പുകളിൽ ആകെ എത്ര വീതം ഡോക്ടർമാർ, നഴ്സുമാർ, ലാബ് ജീവനക്കാർ മറ്റു പരിശോധനാ വിഭാഗം എന്നിവരുടെ അംഗീകൃത തസ്തികകൾ നിലവിലുണ്ട് ;

(ബി) ഇവയിൽ എത്ര തസ്തികകളിൽ ഒഴിവുണ്ട് എന്നും, ഈ സർക്കാർ ഇവയിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചു എന്നും, പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും അവ എത്ര എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലെ ഡോക്ടർമാർ ഉൾപ്പെടെ അനുബന്ധ ജീവനക്കാരിൽ എത്രപേർ വീതം ഓരോ തസ്തികകളിലും അവധിയിലുണ്ട്; അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ആശുപത്രികളിൽ അവശ്യം വേണ്ടുന്ന ജീവനക്കാരില്ലാത്ത അവസ്ഥയിൽ അവധിയിലുള്ളവരെ തിരിച്ചുവിളിക്കാനും അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരെ സർവ്വീസിൽ നിന്ന് പുറത്താക്കാനും എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മേഖലയിൽ എൻ. ആർ. എച്ച് .എം വഴിയും, പെൻഷൻ പറ്റിയശേഷവും, താല്ക്കാലികാടിസ്ഥാനത്തിലും എത്ര പേർ ജോലിക്ക് ഹാജരാകുന്നു എന്നും വ്യക്തമാക്കുമോ ;

(എഫ്) ഇവർക്കായി എൻ. ആർ. എച്ച് .എം പ്രതിമാസം ശമ്പളയിനത്തിൽ ചെലവാക്കുന്ന തുക എത്ര എന്ന് വ്യക്തമാക്കുമോ ;

(ജി) ആരോഗ്യ വകുപ്പ് പ്രസ്തുത മേഖലയിലെ ഒഴിവുകൾ പി. എസ് സി . യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

<u>വയനാട് ജില്ലയിലെ ആശുപത്രികൾ</u>

2399. ശ്രീ.സി.കെ.നാണു

,, മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എത്ര ജില്ലാ ആശുപത്രികളും എത്ര താലൂക്ക് ആശുപത്രികളും എത്ര കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകളും എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും നിലവിലുണ്ട്;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരും മറ്റ് ജീവനക്കാരും ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പരാതി പരിഹരിക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ആരോഗ്യ വകുപ്പിൽ സ്പെഷ്യൽ റൂൾസ്</u>

2400. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത ഏതൊക്കെ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## റാന്നി താലൂക്കാശുപത്രി

2401. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയെ സ്പെഷ്യാലിറ്റി കേഡറിലേക്ക് ഉയർത്തിയ നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; സ്പെഷ്യാലിറ്റി കേഡർ പദവിക്ക് എത്ര ഡോക്ടർമാർ ,നേഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവർ ആവശ്യമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാർ, നേഴ്സുമാർ, മറ്റു ജീവനക്കാർ എന്നിവർ ഉണ്ട്; പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

## ഫറോക്ക് പി.എച്ച്.സി.

2402. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത ഫറോക്ക് പി.എച്ച്.സി. യിൽ കിടത്തി ചികിത്സയുൾപ്പെടെയുള്ള ചികിത്സ രോഗികൾക്ക് കിട്ടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ അനുവദിക്കണമെന്ന ആശുപത്രി സൂപ്രണ്ടിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തപ്പോൾ ഇവിടേക്ക് അനുവദിച്ച ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാർ ഈ ആശുപത്രിയിൽ ജോലി നോക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

## താനൂർ സി.എച്ച്.സി -യിലെ സ്റ്റാഫ് പാറ്റേൺ

2403. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ബി) താന്നൂർ സി.എച്ച്.സി -യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇത് പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

താന്നൂർ സി.എച്ച്.സിയിൽ ഗൈനക്കോളജിസ്റ്റിന്റേയും പീഡിയാട്രീഷ്യന്റേയും നിയമനം

2404. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താന്നൂർ തീരദേശത്തെ ഏക ഗവൺമെന്റ് ആതുരാലയമാണ് താന്നൂർ സി.എച്ച്.സി. എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളികളായ സ്ത്രീകളും കുട്ടികളുമാണ് ഈ ആശുപത്രിയെ ആശ്രയിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആതുരാലയത്തിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെയും ഒരു പീഡിയാട്രീഷ്യന്റെയും തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

കുരങ്ങ് പനി

2405. ശ്രീ.സി.കെ.നാണു
ശ്രീമതി.ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുരങ്ങ് പനി ബാധിച്ച് ആളുകൾ മരണപ്പെട്ട സ്ഥലങ്ങളും ആശുപത്രികളും ആരോഗ്യവകുപ്പ് മന്ത്രി സന്ദർശിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത സന്ദർശന വേളയിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ;

(സി) അതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ തുടർ നടപടികൾ സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## മരുന്ന് സംഭരണം

2406. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഏതെല്ലാം മരുന്നുകൾ സംഭരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ഓരോ വർഷവും എത്ര കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചു എന്നും എത്ര തുക ഏതെല്ലാം മരുന്നു കമ്പനികൾക്ക് നൽകുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് എത്ര തുക നൽകുവാനുണ്ട് എന്നും അത് എപ്പോൾ നൽകും എന്നും വ്യക്തമാക്കുമോ;

(ഡി) അടുത്ത വർഷത്തേക്ക് സംഭരിക്കേണ്ട മരുന്നിന്റെ അളവ് എത്രയെന്നും മുൻവർഷങ്ങളിൽ നിന്നും എത്ര കുറവ് വരുത്തിയിട്ടുണ്ട് എന്നും അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) രക്തത്തിന്റെ ഉപോൽപ്പന്നങ്ങളായ മരുന്നുകൾ പട്ടികയിൽ നിന്നും ഒഴിവാക്കിയത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) 2014-15 സാമ്പത്തിക വർഷം ബജറ്റിൽ എത്ര രൂപയുടെ മരുന്ന് വാങ്ങുവാൻ തീരുമാനിച്ചു; എത്ര കോടി രൂപയുടെ മരുന്നുകൾ വാങ്ങി; ഏതെല്ലാം മരുന്നുകൾ വാങ്ങുന്നത് ഒഴിവാക്കി എന്നും വ്യക്തമാക്കുമോ;

(ജി) മരുന്നു വാങ്ങാനായി 2015-16 ലേയ്ക്കുള്ള ടെൻഡർ എന്നാണ് വിളിച്ചത് എന്നും അതിനുശേഷം ഇന്റന്റിൽ കുറവു വരുത്തിയ മരുന്നുകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

## ആലപ്പുഴ വണ്ടാനം മെഡിക്കൽകോളേജിന്റെ വസ്തുവകകൾ

2407. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽകോളേജിന് എത്ര ഏക്കർ വസ്തു ഉണ്ട് ; വസ്തുവിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണ് ; വസ്തുവിന്റെ ആധാരം ആരുടെ കസ്റ്റഡിയിലാണ് ; വിശദവിവരങ്ങൾ നൽകാമോ ;

(ബി) മെഡിക്കൽകോളേജ് കോമ്പൗണ്ടിനുള്ളിൽ ചില ഹിന്ദു സംഘടനകൾ ക്ഷേത്രം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി

സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) മെഡിക്കൽകോളേജിന്റെ വസ്തുവകകൾ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ കേസുകളോ നിലവിലുണ്ടോ ; വിശദമാക്കുമോ ?

<u>നാഷണൽ അർബൻ ഹെൽത്ത് മിഷൻ</u>

2408. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നഗരസഭകളിൽ നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻ.യു.എച്ച്.എം)പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് എൻ.യു.എച്ച്.എം സെന്ററുകൾ ആരംഭിക്കുന്നത്; ഇതിനോടകം ആരംഭിച്ച സെന്ററുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഒരു എൻ.യു.എച്ച്.എം സെന്ററിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതുപയോഗിച്ച് എന്തൊക്കെ സൗകര്യങ്ങളാണ് സെന്ററുകളിൽ ലഭ്യമാക്കുന്നത്?

(ഡി) തിരുവനന്തപുരം കോർപ്പറേഷന്റെ നിലവിലുള്ള ഏതെങ്കിലും ഹെൽത്ത് സെന്ററുകൾ (CWC) ഇതിനായി ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന കോർപ്പറേഷൻ JPHN, നഴ്സറി സ്കൂൾ ടീച്ചർ തുടങ്ങിയവർക്ക് തുടർന്ന് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) പുതുതായി തുടങ്ങുന്ന എൻ.യു.എച്ച്.എം സെന്ററുകളിലെ വൈദ്യുതി ബിൽ, വാട്ടർ ചാർജ്ജ് തുടങ്ങിയവ അടയ്ക്കേണ്ട ചുമതല ആർക്കാണ്;

(എഫ്) നിരവധി സ്വകാര്യ-സർക്കാർ ആശുപത്രികളും, ഐരാണിമുട്ടം ഹെൽത്ത് സെന്റർ, ഐരാണിമുട്ടം ഹോമിയോ കോളേജ്, ആയുർവേദ കോളേജ് എന്നിവ ഒഴിവാക്കി ഈ പ്രദേശങ്ങളിൽ തന്നെ എൻ.യു.എച്ച്.എം സെന്ററുകൾ തുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ?

<u>മഴക്കാല പകർച്ച വ്യാധികൾ തടയാൻ പദ്ധതി</u>

2409. ശ്രീ.ഇ.ചന്ദ്രശേഖരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.രാജു

,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് പകർച്ച വ്യാധികൾ പടരുന്നത് തടയാൻ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പനി ഉൾപ്പെടെയുള്ള രോഗങ്ങൾ പടർന്നു പിടിച്ചപ്പോൾ എടുത്ത നടപടികൾ പരാജയമായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തു നിന്നും ഉന്മൂലനം ചെയ്തിരുന്ന ചില രോഗങ്ങൾ തിരിച്ചു വന്നുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സ്കൂൾ കോളേജ്തല രോഗപ്രതിരോധ നടപടികൾ

2410. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും തിരികെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) സംസ്ഥാനത്തെ സ്കൂൾ-കോളേജ് തലങ്ങളിൽ വ്യക്തി ശുചിത്വവും- പരിസര ശുചിത്വവും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നല്കുന്നതിനും പകർച്ച വ്യാധികൾക്ക് എതിരെ ജാഗ്രത പുലർത്തുന്നതിനും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി നടപ്പാക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നാഷണൽ ഹെൽത്ത് മിഷൻ

2411. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാനത്ത് 2013-14 - ൽ എത്ര തുക ഏതെല്ലാം സ്കീമുകൾക്കായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2013-14 വർഷത്തിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം പ്രോജക്ടുകൾക്കാണ് എൻ.എച്ച് .എം. തുക ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കേന്ദ്രത്തിൽ നിന്നും എൻ.എച്ച് .എം അനുവദിക്കുന്ന തുക മാനദണ്ഡപ്രകാരമാണോ ചെലവഴിച്ചത് എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2011-12 മുതൽ 2014-15 വർഷക്കാലയളവിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തെ വിവിധ ആശുപത്രികൾക്കായി എൻ.എച്ച് .എം. ൽ നിന്നും എത്ര തുക ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചു എന്നത് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ?

## ഇടുക്കി ജില്ലയിലെ ഹോമിയോ ആശുപത്രികൾ

2412. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ തൈറോയ്ഡ് ചികിത്സാ സൗകര്യം, കിടത്തി ചികിത്സാ സൗകര്യം എന്നിവയുള്ള ഹോമിയോ ആശുപത്രികളുടെ എണ്ണം എത്ര;വിശദാംശം നൽകാമോ;

(ബി) ചേറ്റുവാ ഹോമിയോ ആശുപത്രിയിൽ തൈറോയ്ഡ് ചികിത്സാ സൗകര്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കുന്നത്

2413. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയതായി പി.എച്ച്.സി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മണമ്പൂര് പഞ്ചായത്തിന് പി.എച്ച്.സി. അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ?

## ആരോഗ്യ വകുപ്പിൽ സ്ഥലം മാറ്റം

2414. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ സ്ഥലം മാറ്റം നടത്തുന്നതിന് ഉണ്ടായിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെ ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഇത്തരം മാറ്റങ്ങൾ വരുത്തുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജ് - ഡെന്റൽ കോളേജ്

2415. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പുതിയ ഡെന്റൽ കോളേജ് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം അദ്ധ്യയനം ആരംഭിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പേ വാർഡ്

2416. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ പേ വാർഡ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ ?

ശ്രീമതി പത്മാവതിക്ക് ഫാമിലി പെൻഷൻ .

T 2417. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരിച്ച ആരോഗ്യ വകുപ്പ് ജീവനക്കാരന്റെ മകളും വിധവയും മക്കളില്ലാത്തതുമായ ശ്രീമതി. പത്മാവതി വി. പി., നാടാലി വീട്, കൊരട്ടി ഈസ്റ്റ് പി. ഒ എന്നയാൾ ഫാമിലി പെൻഷൻ കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ, ടിയാൾക്ക് ശാരീരിക അവശതയില്ല എന്ന കാരണത്താൽ നിഷേധിച്ചിട്ടുളളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശ്രീമതി പത്മാവതിക്ക് ഫാമിലി പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

സ്വകാര്യ ആശുപത്രികളിലെ ചികിത്സാപിഴവ്

2418. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലകളിലെ ആശുപത്രികളിൽ ചികിത്സാപിഴവുമൂലം രോഗികൾക്ക് അപകടങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിക്കാറുണ്ടോ;

(ബി) ഇത്തരം പരാതികളിൽ സർക്കാർ ഏത് രീതിയിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) സംസ്ഥാനത്തെ ഡോക്ടർമാരുടെ ചികിത്സാരീതിയെക്കുറിച്ചോ ആശുപത്രികളെക്കുറിച്ചോ പൊതുജനങ്ങൾക്കും രോഗികൾക്കുമുള്ള പരാതികൾ അറിയിയ്ക്കുന്നതിനും ആയത് പരിഹരിക്കുന്നതിനും നിലവിൽ പ്രത്യേക സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിലേക്കായി ഒരു പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോ?

<u>താലൂക്ക് ആശുപത്രി ബ്ലഡ് ബാങ്കുകൾ</u>

2419. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര താലൂക്ക് ആശുപത്രികളിൽ ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നു;

(ബി) ബ്ലഡ് ബാങ്കുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികൾ ഏതെല്ലാം ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്കുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>സ്വകാര്യ ലാബുകളിലെ നിരക്ക്</u>

2420. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകളിലെ നിരക്ക് ഏകീകരിച്ച് നൽകിയിട്ടുണ്ടോ;എങ്കിൽ ഓരോ പരിശോധനകൾക്കും ഈടാക്കാവുന്ന നിരക്കുകൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ നിരക്ക് ഏകീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കടപ്ലൂര് ആയൂർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച്

2421. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലൂര് ആയൂർവേദ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച് ആയുർവേദ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ആയുർവേദ ആശുപത്രി സംബന്ധിച്ച് ആയുർവേദ ഡയറക്ടറേറ്റിലെ ഫയൽ നമ്പർ ലഭ്യമാക്കാമോ?

## ചടയമംഗലം മണ്ഡലത്തിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

2422. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 ഫെബ്രുവരി വരെ ചടയമംഗലം മണ്ഡലത്തിന്റെ പരിധിയിലുള്ള അലയമൺ, ഇട്ടിവ, ഇളമാട്, ചിതറ, കുമ്മിൾ, കടയ്ക്കൽ, നിലമേൽ, ചടയമംഗലം, വെളിനെല്ലൂർ എന്നീ പഞ്ചായത്തുകളിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് വഴി നടത്തിയിട്ടുള്ളതും ഭരണാനുമതി നല്കിയിട്ടുള്ളതും പ്രഖ്യാപിച്ചിട്ടുള്ളതുമായ വികസന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

## സ്വകാര്യ മെഡിക്കൽ ലാബുകൾ

2423. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾ പലതും ഗുണനിലവാരമില്ലാത്തതും മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്തതാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ മെഡിക്കൽ ലാബുകൾക്ക് സർക്കാർ അനുമതി നൽകുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെയും ശുചിത്വം, ഗുണനിലവാരം എന്നിവ

ഉറപ്പുവരുത്താതെയും പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

കായംകുളം ഗവൺമെന്റ് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കാരം

2424. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയാക്കി ഉയർത്തിയിട്ടും ആവശ്യമായ രീതിയിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

താലൂക്ക് ആശുപത്രികളായി ഉയർത്തിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

2425. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഇത്തരത്തിൽ ഉയർത്തപ്പെട്ട ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാത്തതും ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരേയും നിയമിക്കാത്തതും ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാകാത്തതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

2426. ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, വി.ശിവൻകുട്ടി
,, ബാബു എം. പാലിശ്ശേരി
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ചികിത്സയെ കുറിച്ചും സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനത്തെക്കുറിച്ചും വ്യാപകമായി പരാതി ഉയരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയെ നിരീക്ഷിക്കാനും സേവന ഗുണനിലവാരം ഉയർത്താനും എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർ നിശ്ചിത യോഗ്യതയുള്ളവരാണെന്ന് ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണുള്ളത്;

(ഡി) ഈ സ്ഥാപനങ്ങളെക്കുറിച്ച് ഉയരുന്ന പരാതിയുടെ മേൽ നടപടിയെടുക്കാൻ എന്തൊക്കെ വ്യവസ്ഥകളാണുള്ളതെന്ന് അറിയിക്കാമോ?

## കായംകുളം താലൂക്കാശുപത്രിയിൽ സർജൻ

2427. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി ;വിശദമാക്കാമോ;

(ബി) കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാകെയർ, ഡയാലിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി.

2428. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം, കൈമാറ്റം എന്നിവയ്ക്ക് സന്നദ്ധതയുള്ളവരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അവയവദാനം ,കൈമാറ്റം എന്നിവയ്ക്ക് നിലവിൽ പാലിക്കേണ്ട നിയമവ്യവസ്ഥകൾ എന്തെല്ലാം;

(സി) സ്വകാര്യ ആശുപത്രികൾ , വ്യക്തികൾ, അനധികൃത ഏജൻസികൾ എന്നിവ വഴി അവയവ കച്ചവടം സംസ്ഥാനത്തു നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു. എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി; എത്ര പേരെ പിടികൂടാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) അവയവദാനം, കൈമാറ്റം എന്നിവയ്ക്ക് തയ്യാറാകുന്നവർക്ക് പ്രത്യേകമായി എന്തെങ്കിലും രജിസ്ട്രേഷൻ സൗകര്യമോ, മറ്റു മാർഗ്ഗങ്ങളോ ആരോഗ്യവകുപ്പ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം?

<u>അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ</u>

2429. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാം പഞ്ചായത്തുകളിലും നിലവിലുണ്ടോ; ആശുപത്രികൾ ഇല്ലാത്തത് ഏത് വിഭാഗത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ വിഭാഗങ്ങളിൽ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>പാലക്കാട് ജില്ല - ഭക്ഷ്യസുരക്ഷാ വകുപ്പ്</u>

2430. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഉദ്യോഗസ്ഥരുടെ കുറവ്മൂലം വകുപ്പിന്റെ ജില്ലയിലെ പ്രവർത്തനം കാര്യക്ഷമമല്ല എന്നു സർക്കാർ കരുതുന്നുണ്ടോ ;

(സി) ഒഴിവുകളുണ്ടെങ്കിൽ അതു നികത്തുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കഴിഞ്ഞ ആറു മാസത്തിനിടയിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ജില്ലയിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി ;

(ഇ) പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ ഏതെങ്കിലും സ്ഥാപനം ഭക്ഷ്യസുരക്ഷാഉദ്യോഗസ്ഥർ പൂട്ടിച്ചിട്ടുണ്ടോ ; എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി

സ്വീകരിച്ചു ?

## കാൻസർ ചികിത്സ

2431. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയ്ക്കുള്ള റേഡിയോളജി വിഭാഗത്തിൽ നിലവിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശൂർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയ്ക്കായി എത്ര രോഗികൾ വന്നിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

## ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഒ.പി.യുടെ പ്രവർത്തനം

2432. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സ്പെഷ്യാലിറ്റി ഒ.പി.യുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്നും രോഗികൾക്ക് ശരിയായ പരിശോധനകളും മരുന്നുകളും ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തര ചികിത്സയ്ക്ക് എത്തുന്ന രോഗികളെ കാഷ്വാലിറ്റിയിലേയ്ക്കും അവിടെയെത്തുമ്പോൾ ഒ.പി.യിലേക്കും മാറ്റിവിട്ട് കഷ്ടപ്പെടുത്തുന്നുവെന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണ നടപടികൾ

2433. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിയ്ക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം ;

(സി) ജീവിതശൈലീ രോഗ ബോധവത്കരണ പരിപാടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്നതിന് സർക്കാർ മുൻകൈയെടുത്തിട്ടുണ്ടോ:

(ഡി) ജീവിതശൈലീ രോഗ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ലബോറട്ടറി കൗൺസിൽ രൂപീകരണം</u>

2434. **ശ്രീ.എ.എ.അസീസ്**

**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലബോറട്ടറി കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ലാബുകൾ തുടങ്ങുന്നതിന് അനുവാദം നൽകുന്നത് ആരാണ്എന്ന് വ്യക്തമാക്കുമോ ?

<u>ധന്വന്തരി സെന്ററുകൾ</u>

2435. **ശ്രീ.എം.എ. വാഹീദ്**

**,, അൻവർ സാദത്ത്**

**,, സി.പി.മുഹമ്മദ്**

**,, ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധന്വന്തരി സെന്ററുകൾ നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് ; ഓരോ ജില്ലയിലും എത്ര ജീവനക്കാർ ധന്വന്തരി സെന്ററുകളിൽ ജോലി ചെയ്യുന്നുണ്ട് ; എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ ധന്വന്തരി സെന്ററുകളെ പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യൂ. എസ്. മാതൃകയിൽ ഒരു സ്ഥാപനമായി മാറ്റാനും ആലോചിക്കുന്നുണ്ടോ ?

## ഏകീകൃതമായ പൊതുജനാരോഗ്യ നിയമങ്ങൾ

2436. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള പൊതുജനാരോഗ്യ നിയമങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമങ്ങൾക്ക് പകരമായി ഏകീകൃതമായ ഒരു നിയമം കൊണ്ടുവരുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ

2437. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് കേന്ദ്രങ്ങൾക്കുള്ള പ്രവർത്തനാനുമതിക്കും പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുമോ ;

(ബി) ഉപയോഗിക്കുന്ന മെഷീനുകളുടെയും മരുന്നുകളുടെയും ഗുണമേന്മ, ഡയാലിസിസ് കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ, ആവശ്യമായ സ്റ്റാഫിന്റെ സാന്നിദ്ധ്യം എന്നിവ ഉറപ്പ് വരുത്തുമോ ;

(സി) ഡയാലിസിസ് കേന്ദ്രങ്ങൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുമോ ?

## മണമ്പൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രി

2438. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണമ്പൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രി അനുവദിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ;ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം എന്നുമുതൽ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

## കുരങ്ങ്പനി

T 2439. ശ്രീ.സി.കെ.നാണു

,, മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ
ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുരങ്ങ്പനി ബാധിച്ച് ചില ആളുകൾ മരണപ്പെടുകയും നിരവധി ആളുകൾ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ചെയ്ത പ്രദേശങ്ങൾ പട്ടികവർഗ വകുപ്പ് മന്ത്രി സന്ദർശിച്ചിരുന്നോ ;

(ബി) എങ്കിൽ ആ സന്ദർശനത്തിന് ശേഷം എന്തൊക്കെ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് കൈക്കൊള്ളുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) ആ പ്രഖ്യാപനം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ആ നടപടികൾ സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## കുരങ്ങ്പനി

2440. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരങ്ങ്പനി ബാധിച്ച് എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കുരങ്ങ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) സംസ്ഥാനത്ത് എത്ര പേർക്ക് കുരങ്ങ്പനി ബാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ രോഗത്തിന്റെ കാരണമെന്താണ് വ്യക്തമാക്കാമോ ?

## പുറത്തൂർ സി.എച്ച്.സി.യിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

2441. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റടക്കം മൂന്നു ഡോക്ടർമാരുടെ കുറവുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ എന്നത്തേക്ക് നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ വൈദ്യുതി ക്ഷാമം

2442. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ വൈദ്യുതി ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## മാവേലിക്കര ജില്ലാ ആശുപത്രി

2443. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആവശ്യമായ തുക അടിയന്തരമായി അനുവദിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

## മാവേലിക്കര ജില്ലാ ആശുപത്രി

2444. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനു വേണ്ടി കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡയാലിസിസ് സെന്ററിനാവശ്യമായ മെഷീനുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യാ മെഡിക്കൽ സെന്റർ അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കാസർകോട് ജനറൽ ആശുപത്രിയിലെ ഫിസിയോതെറാപ്പി സെന്ററിന്റെ പ്രവർത്തനം

2445. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പി സെന്റർ പ്രവർത്തിക്കുന്നുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ: ഉണ്ടെങ്കിൽ ഇപ്പോഴത്തെ പ്രവർത്തനം എങ്ങനെയാണ് വിലയിരുത്തുന്നത്;വ്യക്തമാക്കുമോ:

(ബി) ഫിസിയോ തെറാപ്പി സെന്ററിലെ ഡോക്ടർ സ്ഥലം മാറി പോയിട്ടും പകരം ഡോക്ടർ എത്തിയില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിത്യേന നൂറോളം രോഗികൾ ചികിത്സക്കെത്തുന്ന പ്രസ്തുത കേന്ദ്രത്തിൽ ഡോക്ടർറെ നിയമിക്കാത്തത് ഫിസിയോ തെറാപ്പി സെന്റർ നിർത്താ നുള്ള നീക്കത്തിന്റെ ഭാഗമാണോ ;വ്യക്തമാക്കുമോ?

വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ സ്മരണയ്ക്കായി ആയുർവ്വേദ ചികിത്സാ കേന്ദ്രം

2446. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ സ്മരണയ്ക്കായി ചാലക്കുടിയിൽ ഒരു ആയുർവ്വേദ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ആയുർവ്വേദ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മെഡിക്കൽ ലാബുകൾ

2447. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഉപകരണങ്ങളും, വിദഗ്ദ്ധരായ ടെക്നീഷ്യന്മാരുമില്ലാത്ത ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ടോ എന്ന് പരിശോധിക്കുമോ;

(ബി) ലാബുകൾക്ക് അനുമതി നൽകുമ്പോൾ ഇക്കാര്യങ്ങളിൽ കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് സ്കൂൾ

2448. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ റദ്ദാക്കിയ മരുന്നുകൾ

2449. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യമരുന്നുകളുടെ പട്ടികയിൽ നിന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ റദ്ദാക്കിയ മരുന്നുകൾ ഏതെല്ലാമാണ്;

(ബി) അവയിൽ ജീവൻരക്ഷാ മരുന്നു വിഭാഗത്തിൽപ്പെടുന്നവ ഏതെല്ലാമാണ്;

(സി) സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ടോ; ആയതിനായി നടപ്പ് സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ

2450. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സർക്കാർ മേഖലയിൽ എത്ര ആശുപത്രികൾ ഉണ്ട് ; ഏതെല്ലാം;

(ബി) ഓരോന്നിലും അനുവദിച്ച ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ എത്രയെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ഓരോ ആശുപത്രികളിലും ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണ്; വിശദാംശം നൽകാമോ;

(ഡി) ഓരോ ഒഴിവുകളും നികത്തുന്നതിനായി സ്വീകരിച്ച അടിയന്തര നടപടി എന്തെല്ലാമെന്നു വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾസ് രൂപീകരണം

2451. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നാളിതുവരെ സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

തുപ്രങ്ങോട് പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി നടപടി.

2452. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി പഞ്ചായത്ത്, കെട്ടിട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദിനംപ്രതി നൂറുകണക്കിന് രോഗികൾ വരുന്ന തൃപ്രങ്ങോട് പി.എച്ച്.സി.യിൽ കിടത്തി ചികിത്സക്കാവശ്യമായ മറ്റ് സംവിധാനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നത്

2453. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രതിനിധികളുമായി സംസ്ഥാന സർക്കാർ എത്ര പ്രാവശ്യം ചർച്ചകൾ നടത്തി; എന്നെല്ലാം; ആരെല്ലാമായിട്ടായിരുന്നു ചർച്ചകൾ നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എയിംസ് സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കുവാനുള്ള കേന്ദ്രത്തിന്റെ ആവശ്യം എന്നാണ് ലഭിച്ചത്; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ വർദ്ധിച്ച് വരുന്ന ക്യാൻസർ രോഗികളുടെ എണ്ണം

2454. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായുള്ള മലബാർ ക്യാൻസർ സെന്ററിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെ കുറിച്ച് സമഗ്രമായി പഠനം നടത്തുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ രോഗികൾക്കുള്ള ചികിത്സാസൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനം എന്നുമുതൽ സക്രിയമാക്കാൻ കഴിയുമെന്നും എന്ന് മുതൽ ജില്ലയിൽ കൂടുതൽ ആശുപത്രികളിൽ ക്യാൻസർ രോഗികൾക്കുള്ള ചികിത്സാസൗകര്യമൊരുക്കുമെന്നും കാരുണ്യചികിത്സാസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്ന് സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

## ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ സ്ഥലമാറ്റം

2455. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം സ്റ്റേഷൻ സർവ്വീസും ഔട്ട് സ്റ്റേഷൻ സർവ്വീസും പരിഗണിച്ച് ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ സ്ഥലമാറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) മിശ്ര വിവാഹിതരായ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാർക്ക് ജി.ഒ. (പി) നമ്പർ 6/2007/P&ARD,Dt.4.12.07, G.O.(P) No.22/2009/P&ARD Dt.30.12.09 എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള മുൻഗണനകൾ നിയമന സ്ഥലം മാറ്റക്കാര്യത്തിൽ പാലിക്കണമെന്നതിൽ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

## സർക്കാർ മെഡിക്കൽ കേളേജുകൾക്ക് സ്വയംഭരണാധികാരം

2456. ശ്രീ.എം.എ.ബേബി

,, എ. പ്രദീപ്കുമാർ

,, ജി.സുധാകരൻ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്വയംഭരണാധികാര മെഡിക്കൽ കേളേജുകൾ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ഏത് വിധത്തിലാണ് കണ്ടെത്തേണ്ടതെന്നു വ്യക്തമാക്കുമോ;

(ബി) സ്വയംഭരണാധികാര മെഡിക്കൽ കേളേജുകളുടെ ചികിത്സാഫീസ് നിശ്ചയിക്കാനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സർക്കാർ ആശുപത്രികലെ രോഗി-നഴ്സസ് അനുപാതം

2457. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ രോഗി-നഴ്സസ് അനുപാതം നിലവിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അനുപാതം സർക്കാർ പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് ഉൾപ്പടെ സർക്കാർ ആശുപത്രികളിൽ നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## തൃപ്രങ്ങോട് പഞ്ചായത്തിലെ പി.എച്ച്.സി യിൽ ഹെഡ്നഴ്സ് നിയമനം

2458. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ പി.എച്ച്.സി യിൽ വർഷങ്ങളായി ഹെഡ്നഴ്സ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി ഹെഡ്നഴ്സിനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

## സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

2459. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് കാര്യങ്ങൾ കൈകാര്യം ചെയ്യുവാനായി സെക്രട്ടേറിയറ്റിൽ എത്ര സെക്ഷനുകൾ നിലവിലുണ്ട്;

(ബി) ഉദ്യോഗസ്ഥരുടെ അമിത ജോലിഭാരം മൂലം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റുകൾ യഥാസമയത്ത് തീരുമാനം എടുക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം

2460. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗകര്യമുണ്ട്; ഓരോ ആശുപത്രിയിലും ഒരു ദിവസം എത്ര രോഗികൾക്ക് ഡയാലിസിസ് നൽകാൻ കഴിയും; ഓരോ ആശുപത്രിയിലും രോഗികളിൽ നിന്നും ഈടാക്കുന്ന ഫീസ് എത്രയാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സർക്കാർ ആശുപത്രികൾക്കു പുറമെ, മറ്റെവിടെയെല്ലാം ഡയാലിസിസ് സൗകര്യം ലഭ്യമാണ് എന്നറിയിക്കാമോ?

## മട്ടന്നൂർ പ്രാഥമികാരോഗ്യ വികസന പ്രവർത്തനങ്ങൾ

2461. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനു ശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ സി.എച്ച്.സി.യിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വികസന പ്രവർത്തനങ്ങൾക്കും മറ്റു പദ്ധതി പ്രവർത്തനങ്ങൾക്കുമായി ആരോഗ്യ വകുപ്പ് എന്ത്

തുക ഏതെല്ലാം പ്രവർത്തനങ്ങൾക്ക ലഭ്യമാക്കിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിനും അനുവദിച്ച ഫണ്ടും അനുമതി നൽകിയ പദ്ധതികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ആരോഗ്യകിരണം പദ്ധതി</u>

2462. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ആരോഗ്യകിരണം പദ്ധതി നടപ്പിലായോ എന്നും ഇല്ലെങ്കിൽ എന്നത്തേക്ക് നടപ്പിലാകും എന്നും വിശദമാക്കുമോ;

(ബി) ഇതിനായി ടി ബജറ്റിൽ നീക്കിവച്ച 10 കോടി രൂപയിൽ നിന്നും വിനിയോഗിക്കപ്പെട്ട തുക എത്രയെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

<u>മരുന്നുകളുടെ രൂക്ഷമായ ക്ഷാമം</u>

2463. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന മരുന്നുകളുടെ (പ്രത്യേകിച്ച്,പ്രമേഹം,രക്തസമ്മർദ്ദം) രൂക്ഷമായ ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>കുളത്തുപ്പുഴ സർക്കാർ ആശുപത്രിയിലെ പാരാമെഡിക്കൽ തസ്തികകൾ</u>

2464. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ സർക്കാർ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പാരാമെഡിക്കൽ തസ്തികകൾ ഏതൊക്കെയെന്നും അവ എത്ര എണ്ണം വീതമെന്നും വിശദമാക്കുമോ; പ്രസ്തുത തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഒഴിവുള്ള ഓരോ വിഭാഗം പാരാമെഡിക്കൽ തസ്തികയിലും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഭക്ഷ്യസുരക്ഷാ നിയമം</u>

2465. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹോട്ടലുകൾ, പാകം ചെയ്ത ആഹാരം വിൽക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ബേക്കറികൾ, മത്സ്യമാംസാദികൾ വിൽക്കുന്ന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ മോശമായി പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾക്കെതിരെ 2015 ജനുവരി 31 വരെ കേസെടുത്തു, എത്ര രൂപ പിഴയായി ഈടാക്കി, പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള പരിശോധനകൾ ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

## <u>ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

2466. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ആശുപത്രികളിലെയും നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;വിശദമാക്കുമോ;

(ബി) വർഷാവർഷം പി.എസ്.സി പരീക്ഷ നടത്തി ഡോക്ടർമാരുടെ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## <u>ആരോഗ്യവകുപ്പിൽ കാർഡിയോളജിസ്റ്റുകളുടെ അഭാവം</u>

2467. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ എത്ര കാർഡിയോളജിസ്റ്റുകളാണ് ഉള്ളതെന്നു അറിയിയ്ക്കുമോ;

(ബി) ആരോഗ്യവകുപ്പിൽ കാർഡിയോളജി ഡോക്ടർമാരുടെ അഭാവം പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

## <u>പച്ചക്കറികളിലെ കീടനാശിനി പ്രയോഗം</u>

2468. **ശ്രീ.റോഷി അഗസ്റ്റിൻ**
**,, പി.സി. ജോർജ്**

ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനി പ്രയോഗിച്ച പച്ചക്കറികളുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ:

(ബി) വിഷാംശമുള്ള പച്ചക്കറികൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണ്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിധ്യം ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് വിൽപ്പന നികുതി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഭാഗത്തു നിന്ന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

2469. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഇല്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) കാഞ്ഞങ്ങാട് ആസ്ഥാനമായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്ത് കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ?

## പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

2470. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം

നൽകുമോ?

<u>ആരോഗ്യവകുപ്പിലെ റിപ്പോർട്ടിംഗ് സംവിധാനം</u>

2471. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ നിലവിലുള്ള റിപ്പോർട്ടിംഗ് സംവിധാനം കാര്യക്ഷമമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകീകൃത റിപ്പോർട്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>വെളിച്ചെണ്ണയിലെ മായം</u>

T 2472. **ശ്രീ.പി.തിലോത്തമൻ**
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീ.കെ.അജിത്**
**,, ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പായ്ക്കറ്റുകളിലെ വെളിച്ചെണ്ണയിൽ ഭൂരിഭാഗവും വെളിച്ചെണ്ണയല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പായ്ക്കറ്റ് വെളിച്ചെണ്ണ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ടുകൾ എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ലാബുകളിൽ വെളിച്ചെണ്ണയിലെ മായം കൃത്യമായി പരിശോധിച്ച് കണ്ടെത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;വ്യക്തമാക്കുമോ;

<u>ആരോഗ്യവകുപ്പിന് കീഴിൽ തുടരുന്ന റിട്ടയർ ചെയ്ത ജീവനക്കാർ</u>

2473. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിൽ റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥന്മാർ /ഡോക്ടർമാർ ഇപ്പോഴും തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ തുടരാൻ അനുവദിക്കുന്നത് മറ്റ് ജീവനക്കാരുടെ പ്രമോഷൻ സാധ്യതകളെ തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോക്ടർമാർക്ക് ലീവും ഡെപ്യൂട്ടേഷനും

2474. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള എത്ര ഡോക്ടർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശത്ത് പോകുന്നതിന് ദീർഘകാല ശൂന്യവേതനാവധി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നേടുന്നതിന് എത്ര ഡോക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ

2475. ശ്രീ.പി.കെ.ഗുരുദാസൻ

,, സാജു പോൾ

,, കെ.കെ.നാരായണൻ

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവരെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിട്ടുണ്ടോ ; ഇതിനുള്ള തീയതി നീട്ടി നൽകിയിട്ടുണ്ടോ; രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;വിശദമാക്കുമോ;

(ബി) അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായി രജിസ്ട്രേഷൻ/ലൈസൻസ് സംവിധാനം ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്തായിരുന്നു;വ്യക്തമാക്കാമോ ;

(സി) ഓൺലൈനായി ലൈസൻസിനു അപേക്ഷ നൽകുമ്പോൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാര റഗുലേഷൻ പ്രകാരമുള്ള 30 ഇന മാനദണ്ഡം പാലിക്കപ്പെട്ടിട്ടുണ്ട് എന്നുറപ്പാക്കുന്നതെങ്ങനെ; വിശദമാക്കുമോ;

(ഡി) സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തിയ ശേഷമാണോ രജിസ്ട്രേഷനും ലൈസൻസും നൽകുന്നത്; അല്ലെങ്കിൽ സ്ഥാപനം നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതെങ്ങനെയെന്ന് അറിയിക്കാമോ?

പകർച്ചപ്പനിയുടെ വ്യാപനം തടയുന്നതിന് നടപടികൾ.

2476. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ചെള്ളുപനി, പന്നിപ്പനി, കുരങ്ങുപനി എന്നീ തരത്തിൽപ്പെട്ട വിവിധയിനം പനികൾ അസുഖങ്ങൾ സംസ്ഥാനത്ത് വ്യാപകമാവാൻ എന്താണ് കാരണം എന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ചിക്കൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, മറ്റ് മഞ്ഞപ്പിത്ത രോഗങ്ങൾ എന്നിവയുടെ വ്യാപനം തടയുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി; എത്ര തുക ചെലവഴിച്ചു എന്ന് ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഡോക്ടർമാർക്ക് മരുന്ന് കമ്പനികളിൽ നിന്നും പാരിതോഷികം</u>

2477. ശ്രീ.പി.എ.മാധവൻ

,, വി.റ്റി.ബൽറാം

,, എ.റ്റി.ജോർജ്

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ മരുന്ന് കുറിക്കാൻ മരുന്ന് കമ്പനികളിൽ നിന്നും പാരിതോഷികം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ ;

(സി) കമ്പോള താല്പര്യങ്ങൾക്കനുസരിച്ച് വിലകൂടിയ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ?

<u>ഡോക്ടർമാർക്ക് രജിസ്ട്രേഷൻ</u>

2478. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, വി.എം.ഉമ്മർ മാസ്റ്റർ

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർക്ക് പുതിയ ചികിത്സാരീതികൾ സ്വായത്തമാക്കുന്നതിനും അറിവുകൾ അപ്ഡേറ്റ് ചെയ്യുന്നതിനും എന്തൊക്കെ സൗകര്യങ്ങൾ നിലവിലുണ്ടെന്ന്

വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ പുതുക്കി നല്കുമ്പോൾ ആധുനിക ചികിത്സാരീതികൾ പരിചയമായിട്ടുണ്ടെന്നും, അറിവുകൾ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടെന്നും ഉറപ്പാക്കാൻ എന്തെങ്കിലും നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബ്രാഞ്ചുകൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് രജിസ്ട്രേഷനുള്ള ഡോക്ടർമാരുടെ എണ്ണം ബ്രാഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ?

## കുരങ്ങുപനിക്കെതിരെ പ്രതിരോധ നടപടികൾ

T 2479. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ കുരങ്ങുപനി വ്യാപകമാകുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുവരെ എത്ര കേസുകളാണ് സർക്കാരിന്റെ അറിവിൽ വന്നിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) കുരങ്ങുപനി മറ്റു വന്യമൃഗങ്ങളിലേക്ക് പടരുവാൻ സാദ്ധ്യതയുണ്ടോ എന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) വനപ്രദേശങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് കുരങ്ങുപനിക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്നും കുരങ്ങുപനി ജീവനക്കാർക്ക് പകർന്നിട്ടുള്ള ഏതെങ്കിലും സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

## 108 ആംബുലൻസ് സേവനം

2480. ശ്രീ.വി.ചെന്താമരാക്ഷൻ

,, എം.ചന്ദ്രൻ

,, കെ. ദാസൻ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സേവനം എല്ലാ ജില്ലകളിലേക്കും വ്യാപകമാക്കിയിട്ടുണ്ടോ ;ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ബി) ഇതിന്റെ മാനേജിംഗ് ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നും അവർക്ക് ആംബുലൻസ് വാങ്ങാനുള്ള തുക കൈമാറിയിരുന്നുവോ എന്നും കേന്ദ്ര-

സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും അറിയിക്കാമോ;

(സി) 108 ആംബുലൻസിനു പകരം 102 ആംബുലൻസ് പദ്ധതി പ്രകാരമുള്ള ബേസിക് ലൈഫ് സപ്പോർട്ട് മാത്രമുള്ള ആംബുലൻസ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ എച്ച്**1**എൻ1 പനി</u>

2481. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് കാസർഗോഡ് ജില്ലയിൽ എച്ച്1എൻ1 പനി ബാധിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത രോഗം പടരാതിരിക്കാൻ ജില്ലയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കാമോ?

<u>എച്ച്**1**എൻ1</u>

2482. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്ക് എച്ച്.1എൻ.1 സ്ഥിരീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സർക്കാർ ആശുപത്രികളിൽ എച്ച്. 1 എൻ. 1 -നുള്ള മരുന്ന് ലഭ്യമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) സംസ്ഥാനത്ത് എച്ച്. 1 എൻ. 1 ഇത്ര വ്യാപകമാകുന്നതിനുള്ള സാഹചര്യങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തുമോ?

<u>സംസ്ഥാനത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് **(AIIMS)**</u>

2483. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,,** ബി.ഡി. ദേവസ്സി

**,,** കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**,,** പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) നേടിയെടുക്കാൻ സർക്കാർ കഴിഞ്ഞോ ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എയിംസ് സ്ഥാപിക്കാനായി കേന്ദ്രം എന്തൊക്കെ നിബന്ധനകളാണ് വച്ചിരുന്നത് ; അത് പാലിക്കാൻ സാധിച്ചോ; വിശദമാക്കുമോ;

(സി) എയിംസ് ഈ വർഷം തന്നെ നേടിയെടുക്കാനായി സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ?

## തവനൂർ മണ്ഡലത്തിലെ -പുറത്തൂർ **CHC**

2484. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം തവനൂർ മണ്ഡലത്തിലെ പുറത്തൂർ CHC യിൽ പുതുതായി ഒരു ഓപ്പറേഷൻ തിയേറ്റർ ഉദ്ഘാടനം ചെയ്തിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ; ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതിനാൽ ഒരു ഓപ്പറേഷൻ പോലും ഇവിടെ നടന്നിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(സി) ഉണ്ടെങ്കിൽ ;പുറത്തൂർ CHC യിൽ ഗൈനക്കോളജിസ്റ്റിനെ അടിയന്തരമായി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

## ആലപ്പുഴ മെഡിക്കൽ കോളേജിലെ പി.ജി. കോഴ്സുകൾ

2485. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏതെല്ലാം പി.ജി. കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിലും എത്ര സീറ്റുകൾ വീതമാണുള്ളത്; എല്ലാ സീറ്റുകളിലും അഡ്മിഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഏതെങ്കിലും പി.ജി. കോഴ്സിന്റെ അംഗീകാരം മെഡിക്കൽ കൗൺസിൽ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പുതിയ പി.ജി. കോഴ്സിനായി അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പരിയാരം ഗവൺമെന്റ് ആയുർവ്വേദ കേളേജ്

2486. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിൽ ഇപ്പോൾ എത്ര അദ്ധ്യാപകരുടെ തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) വർക്കിംഗ് എറേഞ്ച്മെന്റിൽ സ്ഥലം മാറ്റം ലഭിച്ച എത്ര അദ്ധ്യാപകരാണുള്ളതെന്ന് അറിയിക്കാമോ;

(സി) വർക്കിംഗ് എറേഞ്ച്മെന്റ് റദ്ദ് ചെയ്ത് കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കോളേജിൽ ഒഴിവുള്ള എല്ലാ തസ്തികകളും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

2487. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടുതൽ മെഡിക്കൽ സീറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി) എങ്കിൽ അടുത്ത വിദ്യാഭ്യാസ വർഷത്തിൽ കൂടുതലായി എത്ര സീറ്റുകളാണ് ഉണ്ടാവുക; എവിടെയൊക്കെ ;വ്യക്തമാക്കാമോ?

## കൊല്ലത്ത് സർക്കാർ മെഡിക്കൽ കോളേജ്

2488. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആരംഭിക്കുന്നത്; ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജിനെ യൂണിവേഴ്സിറ്റി കോളേജായി പ്രഖ്യാപിക്കൽ

2489. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല സ്ഥിതി ചെയ്യുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിനെ യൂണിവേഴ്സിറ്റി കോളേജായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) മറ്റ് സർവ്വകലാശാലകളെപ്പോലെ മെഡിക്കൽ സർവ്വകലാശാലയിലും സെനറ്റിന്റെയും സിന്റിക്കേറ്റിന്റെയും രൂപീകരണം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ?

## ആയുഷ് വകുപ്പ്

2490. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം ഇതിനായി ഒരു സ്വതന്ത്ര വകുപ്പ് രൂപീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

## പാരമ്പര്യ ചികിത്സാ രീതികൾ

2491. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ**

**,, എൻ .എ.നെല്ലിക്കുന്ന്**

**,, വി.എം.ഉമ്മർ മാസ്റ്റർ**

**,, സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് പാരമ്പര്യ ചികിത്സാ രീതികൾ, ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ വിധത്തിലാക്കി നിലനിർത്തുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ രംഗത്തെ അറിവുകൾ കണ്ടെത്തി ക്രോഡീകരിക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്തെ അമൂല്യമായ അറിവുകൾ ചില കുടുംബങ്ങളുടേത് മാത്രമായിട്ടുള്ളത് കണ്ടെത്തി അവയുടെ പ്രയോഗക്ഷമത ഉറപ്പുവരുത്തി എല്ലാവർക്കും പ്രയോജനപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കാസർഗോഡ് ജില്ലാ ആയുർവ്വേദ മെഡിക്കൽ ഓഫീസ്

2492. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആയൂർവ്വേദ മെഡിക്കൽ ഓഫിസിന്റെ ആസ്ഥാനം നീലേശ്വരത്ത് നിന്നും കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത ഓഫിസ്അവിടെ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

<u>ഹോമിയോ ഡിസ്പെൻസറികൾ</u>

2493. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ അനുവദിക്കുമ്പോൾ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകുമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോ?

<u>ഹോമിയോ വകുപ്പിൽ നിയമനം</u>

2494. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ വകുപ്പിൽ നിലവിൽ ഡി.എം.ഒ. മാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഇത് നികത്തുന്നതിന്ഡി.പി.സി. കൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രസ്തുത പ്രൊമോഷൻ സമയബന്ധിതമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ ഓഫീസർമാരിൽ 3:1 എന്ന അനുപാതത്തിൽ സി.എം.ഒ.മാർക്കായി നീക്കിവെച്ചിട്ടുണ്ടോ; ഇപ്രകാരം സി.എം.ഒ തസ്തികകളിൽ നിയമനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഡി.എം.ഒ., സി.എം.ഒ, .എം.ഒ തസ്തികകളിൽ നിലവിൽ ഹോമിയോ വകുപ്പിൽ എത്ര ഒഴിവുകളുണ്ട്; ആയത് നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത വകുപ്പിൽ നിലവിൽ എത്ര ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ ഉണ്ട്;

(ഇ) ഹോമിയോ ഫാർമസി ഷോപ്പുകൾ ഏതെല്ലാം കേന്ദ്രങ്ങളിലാണ് നിലവിലുള്ളത്; വിശദവിവരം നൽകുമോ?

<u>വന്ധ്യതാ ചികിത്സയ്ക്ക് ഹോമിയോ വകുപ്പിന്റെ പുതിയ പദ്ധതി</u>

2495. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോമിയോ വകുപ്പ് വന്ധ്യതാ ചികിത്സയുമായി ബന്ധപ്പെട്ട് പുതിയ പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഹോമിയോ - ആയുർവേദ ഡിസ്പെൻസറികൾ</u>

2496. **ശ്രീ.സണ്ണി ജോസഫ്**

**,,** എം.എ. വാഹീദ്

**,,** പി.സി വിഷ്ണുനാഥ്

**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഹോമിയോ ഡിസ്പെൻസറികളും ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്;

(ബി) ആയുർവേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011 ന് ശേഷം ഇതുവരെ എത്ര ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>പരമ്പരാഗത ചികിൽസ</u>

2497. **ശ്രീ.കെ.ശിവദാസൻ നായർ**

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** വി.ഡി.സതീശൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ചികിൽസാ രീതികളുടെ പരിപോഷണത്തിന് പുതിയ വകുപ്പ് രൂപീകരിക്കുന്നതിന് തീരുമാനമായോ;വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളാണ് പരമ്പരാഗത ചികിൽസ രീതികളിൽ ഉൾപ്പെടുന്നത്; വിശദമാക്കുമോ;

(സി) എന്തൊക്കെ പ്രതിബന്ധങ്ങളാണ് ഇക്കാര്യത്തിൽ അഭിമുഖികരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പരമ്പരാഗത ചികിൽസയുമായി ബന്ധപ്പെട്ട് ചികിൽസകരുടെ നിയമനം, ആരോഗ്യ പരിപാലനം എന്നിവ എങ്ങനെയാണ് നിർവഹിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) ബഡ്ജറ്റിൽ ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>ശബരിമല മാസ്റ്റർപ്ലാൻ</u>

2498. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്കുവേണ്ടി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നത് ; എന്നാണ് ഇവർ റിപ്പോർട്ട് നൽകിയത്;വ്യക്തമാക്കാമോ?

(ബി) എന്തൊക്കെ പദ്ധതികളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്; ഓരോ പദ്ധതിക്കും എത്ര തുകയാണ് ചെലവാകുമെന്ന് കണക്കാക്കിയിട്ടുള്ളത്; ഇതിന്റെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്ആരാണ്; ഇതിൽ എത്ര പ്രോജക്ടുകൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്; ഇവയ്ക്കായി എത്ര തുക ചെലവഴിച്ചു എന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(സി) സന്നിധാനത്ത് നിർമ്മിക്കാൻ ഉദ്ദേശിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ സംഭരണശേഷി എത്രയാണ്; നിർമ്മാണം തടസ്സപ്പെടാൻ ഇടയായ സാഹചര്യം എന്തൊക്കെയാണ്;

(ഡി) തടസ്സങ്ങൾ മാറ്റാൻ എന്നാണ് മുഖ്യമന്ത്രി യോഗം വിളിച്ച് ചേർത്തത്; ഈ യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; ഇത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) മരക്കൂട്ടം മുതൽ വലിയ നടപ്പന്തൽ വരെ ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിന് എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരുന്നത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;പുരോഗതി വെളിപ്പെടുത്താമോ;

(എഫ്) സന്നിധാനത്ത് നിലവിലുണ്ടായിരുന്ന ടോയ്ലറ്റ് ബ്ലോക്ക് പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കാൻ എന്നാണ് തീരുമാനം എടുത്തിരുന്നത്; പഴയ ടോയ്ലറ്റ് ബ്ലോക്ക് പൊളിക്കുകയുണ്ടായോ; പകരം എത്രയെണ്ണമാണ് നിർമ്മിച്ചത്; ഇവിടെ നിർമ്മാണം നടത്തുന്നത് വനംവകുപ്പ് തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണ്; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## മലബാർ ദേവസ്വം ബോർഡ്

2499. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മടിയൻകൂലോം ക്ഷേത്രപാലക ക്ഷേത്രത്തിലെ ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ദേവസ്വം ബോർഡ് നിശ്ചയിച്ച ശമ്പളത്തിന്റെ 25ശതമാനം മാത്രം നൽകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് കുടിശ്ശികയില്ലാതെ ബോർഡ് നിശ്ചയിച്ച മുഴുവൻ ശമ്പളവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

T 2500. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ബോർഡിന്റെ ഘടനയെന്താണ് ; ബോർഡ് രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡിനു കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാതെ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) ദേവസ്വം ജീവനക്കാരുടെ നിയമനങ്ങളിൽ പി.എസ്.സി. ചട്ടങ്ങൾക്കനുസൃതമായി പട്ടികജാതി-പട്ടികവർഗ്ഗ-മറ്റ് പിന്നോക്ക സമുദായക്കാർക്ക് സംവരണം

ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കുളങ്ങൾ നവീകരിക്കാൻ തുക

2501. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽപെടുന്ന ഏതെല്ലാം കുളങ്ങൾ നവീകരിക്കാൻ ദേവസ്വം ബോർഡ് ഈ വർഷം തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാഞ്ഞിലിൽ, പെരിങ്ങാവിൽ എന്നീ ക്ഷേത്രങ്ങളിലെ കുളങ്ങൾ നവീകരിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

വികസന പ്രവർത്തനങ്ങൾ

2502. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 ഫെബ്രുവരി വരെ ജലവിഭവ വകുപ്പ് അലയമൺ, ഇട്ടിവ, ഇളമാട്, ചിതറ, കുമ്മിൾ, കടയ്ക്കൽ, നിലമേൽ, ചടയമംഗലം, വെളിനല്ലൂർ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കിയതും ഭരണാനുമതി നല്കിയിട്ടുള്ളതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ?

ഭൂഗർഭ ജലചൂക്ഷണം

2503. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലചൂക്ഷണം സംബന്ധിച്ച് ഭൂഗർഭ ജലവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് കേരളത്തിൽ ഭൂഗർഭ ജലത്തിന്റെ അളവിൽ ഉണ്ടായ വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ വ്യക്തികൾക്ക് കുഴൽക്കിണറുകളും മറ്റും നിർമ്മിക്കുന്നതിന് ഭൂഗർഭജല വകുപ്പിന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ചക്കിട്ടപ്പാറ, ചാത്തമംഗലം പഞ്ചായത്തുകൾ.

2504. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്രോതസ്സുകൾ നിൽക്കുന്ന , ചാത്തമംഗലം പഞ്ചായത്തിനേക്കൂടി ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിനേക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ

<u>ജല സംരക്ഷണവും പരിപാലനവും</u>

2505. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ടി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാം; വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

<u>ജല അതോറിറ്റിയിലെ ഇ അബാക്കസ്സ് ബില്ലിംഗ്</u>

2506. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ ഇ അബാക്കസ്സ് കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കാമോ ;

(സി) ഉപഭോക്താകൾക്ക് ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതിനായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

2507. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര കുളങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്; ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി വാമനപുരം മണ്ഡലത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ബാക്കിയുള്ള കുളങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>കേരള വാട്ടർ അതോറിറ്റി തസ്തികകൾ</u>

2508. ശ്രീമതി.ഇ.എസ്.ബിജിമോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പമ്പുഹൗസുകളുടെയും പ്ലാന്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സഹായകരമായ മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകൾ എല്ലാ മെയിന്റനൻസ് ഡിവിഷനുകളിലും അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഇല്ലാതെ തന്നെ പ്രസ്തുത തസ്തികകൾ ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സൃഷ്ടിക്കാമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ 44 ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ജീവനക്കാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരായി പ്രമോഷൻ നൽകിയതുപോലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I, ഓവർസിയർ ഗ്രേഡ് II, ഓവർസിയർ ഗ്രേഡ് III എന്നീ തസ്തികയിൽ ഉള്ളവർക്കും പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>തടയണ നിർമ്മാണം</u>

2509. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ തടയണ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ പരിശോധന നടത്തിയിരുന്നുവോ; വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത അപേക്ഷകൾ പരിഗണിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ; വിശദമാക്കുമോ ?

<u>റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

2510. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന പെരുനാട് - അത്തിക്കയം, അയിരൂർ കാഞ്ഞിറ്റുകര, എഴുമറ്റൂർ, റാന്നി - ചെറുകോൽ - നാരങ്ങാനം, അങ്ങാടി - കൊറ്റനാട്, കൊല്ലമുള, നിലയ്ക്കൽ എന്നീ കുടിവെള്ള പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ചിരിക്കുന്ന തുക എത്ര; ഇതിൽ ഓരോ പ്രോജക്ടിനും അംഗീകാരം ലഭിച്ചതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണം ഏതു ഘട്ടംവരെയായി എന്നും എന്ന് നിർമ്മാണം പൂർത്തീകരിക്കാനാകും എന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണത്തിലുള്ള ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് പദ്ധതിക്ക് എന്ത് തരത്തിലുള്ള തടസ്സമാണ് ഉണ്ടായിട്ടുള്ളത് ; അവ പരിഹരിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) മേല്പറഞ്ഞിരിക്കുന്ന കുടിവെള്ള പദ്ധതികളിൽ ഏതിന്റെയെങ്കിലും നിർമ്മാണം ഇനി ആരംഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളുടേതാണ് എന്ന് പറയാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കാനുണ്ടായിരിക്കുന്ന തടസ്സം എന്താണെന്ന് വിശദമാക്കാമോ; ഇതു പരിഹരിച്ച് നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കുന്ന എം.എൽ.എ. ആസ്തി വികസന പദ്ധതികൾ</u>

2511. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടു വഴി നടപ്പിലാക്കുന്ന കുണ്ടുകുളം കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ജലവിഭവ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളിലെ കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) എം.എൽ.എ. ആസ്തി വികസന പദ്ധതികളിൽ പലതിനും ജലവിഭവ വകുപ്പിന്റെ സംസ്ഥാനതല ഓഫീസിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>വയനാട് ജില്ലയിലെ ചെക്ക് ഡാമുകൾ</u>

2512. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജലസേചന വകുപ്പിനു കീഴിൽ ചെക്ക് ഡാമുകൾ എവിടെയെല്ലാമാണ് നിർമ്മിച്ചിരിക്കുന്നത് ;നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ചെക്ക് ഡാമുകളുടെ നിർമ്മാണ പ്രവൃത്തികൾ ജില്ലയിൽ എവിടെയെല്ലാമാണ് ഇപ്പോൾ നടക്കുന്നത് ;

(സി) നടപ്പ് സാമ്പത്തിക വർഷവം അനുമതി നൽകിയ ചെക്കു ഡാമുകൾ ഏതെല്ലാം ; വ്യക്തമാക്കുമോ?

<u>അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ</u>

2513. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പു വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ ?

<u>അടൂർ പുത്തൻതോട് സൈഡ് പ്രൊട്ടക്ഷൻ</u>

2514. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കീഴിൽ വരുന്നതും 2014-15 ലെ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുമായ കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സൈഡ് പ്രൊട്ടക്ഷനും സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം നിർമ്മാണവും പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കർഷകർക്ക് വലിയതോതിൽ ഗുണം ചെയ്യുന്നതും വേനൽക്കാലത്ത് മാത്രം ചെയ്യാൻ കഴിയുന്നതുമായ പ്രവൃത്തി ടെന്റർ നടപടി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

<u>ജലസേചന അണക്കെട്ടുകളുടെ സുരക്ഷ</u>

2515. ശ്രീ.ഹൈബി ഈഡൻ

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി വിനിയോഗിക്കുന്ന വിദഗ്ദ്ധ സമിതിയുടെ ഘടന എപ്രകാരമാണ്; വിശദമാക്കുമോ ;

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡീ-കമ്മീഷനിങ്ങോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

<u>രാമപുരം റഗുലേറ്റർ കം ബ്രിഡ്ജ്</u>

2516. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിൽ നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച രാമപുരം പുഴയ്ക്ക് കുറുകെ വയലപ്രയിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയും; വിശദാംശം നൽകുമോ?

<u>മിനറൽ വാട്ടർ എന്ന പേരിൽ വിതരണം ചെയ്യുന്ന മലിനജലം</u>

2517. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനറൽ വാട്ടർ എന്ന പേരിൽ കുപ്പികളിൽ വിതരണം ചെയ്യുന്ന ജലത്തിൽ, കോളീ ഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്ന തോതിൽ അടങ്ങിയിട്ടുള്ള കാര്യം സംസ്ഥാന ജലഅതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബോറട്ടറിയുടെ പരിശോധനയിൽ കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനറൽ വാട്ടർ എന്ന പേരിൽ ശുദ്ധീകരിക്കാത്ത കുപ്പിവെള്ളം വിതരണം ചെയ്യുന്നവരുടെ പേരിൽ എന്തു നടപടി സ്വികരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) തമിഴ് നാട്ടിൽനിന്നും വരുന്ന കമ്പനികളുടെ ബ്രാൻഡ് നെയിം ഒട്ടിച്ച മലിനജലം ഉൾക്കൊള്ളുന്ന കുപ്പികൾ അതിർത്തി ചെക്ക് പോസ്റ്റുകളിൽ തടയാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ കമ്പനികളുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) കുടിവെള്ളം കൊണ്ടുവരുന്ന ടാങ്കർ ലോറികൾ പീരിയോഡിക്കലായി കഴുകി വൃത്തിയാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

<u>സംസ്ഥാന വാട്ടർ അതോറിറ്റിയുടെ കീഴിൽ കുപ്പി വെള്ള കമ്പനി</u>

2518. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റിയുടെ കീഴിൽ കുപ്പിവെള്ള കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

## <u>ആലപ്പുഴ ജില്ലയിലെ ഇറിഗേഷൻ പദ്ധതികൾ</u>

2519. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലയിൽ മേജർ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കിയോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും ഏതെല്ലാം പദ്ധതികളാണ് മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാനായി സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) മാവേലിക്കര കരിമ്പിൻകാവിൽ മേജർ ഇറിഗേഷന്റെ ആറ്റു തീര സംരക്ഷണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

## <u>മണലൂർ വാടാനപ്പള്ളി പുലിമുട്ടു നിർമ്മാണം</u>

2520. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ മേഖലയിൽ പുലിമുട്ട് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പഠനത്തിലെ നിഗമനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## <u>മണലൂർ നിയോജകമണ്ഡലത്തിലെ ഒരു പൊതുകുളം പുനർ നിർമ്മാണപദ്ധതി</u>

2521. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിലെ ഒരു പൊതുകുളം പുനർ നിർമ്മിക്കുന്ന പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ അംഗീകാരം നൽകിയത് ഏതെല്ലാം പദ്ധതികൾക്കാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രോജക്ടിനും എത്ര തുക വീതമാണ് നീക്കിവെച്ചിരിക്കുന്നതെന്നും ഇവയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ?

<u>പുലമൺ, പൂവറ്റൂർ, പെരുകുളം ഡിസ്ട്രിബ്യൂട്ടറിന്റെ പണികളുടെ അവസ്ഥ</u>

2522. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഉപകനാലുകളായ പുലമൺ, പൂവറ്റൂർ, പെരുകുളം പണികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പൂവറ്റൂർ ഡിസ്ട്രിബ്യൂട്ടറിയിൽ നിന്നും ജലവിതരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കൊണ്ട് കെ.ഐ.പി (ആർ.ബി) സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർ നം. ഇ5-302/2012 dt.17.03.2012 തീയതി കത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകിയിരുന്നോ;

(സി) പ്രസ്തുത കത്തിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; നടപ്പിലാക്കിയിട്ടില്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) പുലമൺ, പൂവറ്റൂർ ഡിസ്ട്രിബ്യൂട്ടറുകളിൽ ജലവിതരണം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ബാവിക്കര ശുദ്ധജല പദ്ധതി</u>

2523. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര ശുദ്ധജല പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആദ്യം ടെണ്ടർ ചെയ്തത് എപ്പോഴാണെന്ന് തീയതി, അടങ്കൽ തുക, കരാറുകാരൻ എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ടെണ്ടറിന് ശേഷം എത്ര തവണ എസ്റ്റിമേറ്റ് തുക പുതുക്കി നൽകിയെന്ന് വർദ്ധിപ്പിച്ച തുക, തീയതി എന്നിവ സഹിതം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ എത്ര ശതമാനം പണികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ;

(ഇ) പദ്ധതി പൂർത്തീകരിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

ബാവിക്കര ജല സംഭരണിയിലേക്ക് ജലം പമ്പ് ചെയ്യുന്ന പയസ്വിനി പുഴയിലെ ജലസ്രോതസ്സിൽ വേലിയേറ്റസമയത്ത് കടൽ ജലം നിറയുന്നത് തടയുന്നതിനുള്ള താൽക്കാലിക തടയണയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; തടയണ നിർമ്മാണത്തിന് ഈ വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ആവശ്യത്തിനായുള്ള തടയണ നിർമ്മിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായെന്നും ആയതിന് എത്ര രൂപ ചെലവായെന്നും വർഷം, തുക, കരാറുകാരൻ എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; നിർമ്മാണത്തിലെ അപാകത മൂലം ഏതൊക്കെ വർഷങ്ങളിൽ തടയണ തകർന്നിട്ടുണ്ടെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെയോ കരാറുകാരനെതിരെയോ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

## വാട്ടർ അതോറിറ്റി അദാലത്തുകൾ

2524. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി എത്ര അദാലത്തുകൾ നടത്തി;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഓരോ അദാലത്തിലൂടെയും എത്ര രൂപ വീതം സമാഹരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര പരാതികൾ തീർപ്പ് കൽപ്പിച്ചു?

## ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധാരണം

2525. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ചിത്താരി റഗുലേറ്റർ ഫലപ്രദമല്ലാത്ത അവസ്ഥയിലായതിനാൽ ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

2526. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഏതുഘട്ടം വരെയായി എന്നറിയിക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമെന്ന് അറിയിക്കുമോ;

(സി) ഫണ്ടിന്റെ അപര്യാപ്തത പ്രസ്തുത കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ചേലപ്പഴ കുറ്റിച്ചിറ കൈത്തോട്ടിൽ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ</u>

2527. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കീഴിൽ വരുന്നതും 2014-15 ലെ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുന്നതുമായ കടങ്ങോട് ഗ്രാമപഞ്ചായത്ത് ഇല്ലാൽ പാടശേഖരത്തിലെ ചേലപ്പഴ കുറ്റിച്ചിറ കൈത്തോട്ടിൽ സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത ഘട്ടത്തിലാണെന്ന വിശദമാക്കാമോ;

(ബി) ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ വേനൽക്കാലത്തുതന്നെ പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ചെക്ക്ഡാം</u>

2528. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻകടവിനു സമീപം ചെക്ക്ഡാം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തുക വകമാറ്റി മണ്ഡപത്തിൻകടവിനു സമീപം കോട്ടത്തോടിന്റെ പതനമുഖം

സംരക്ഷിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോട്ടത്തോടിന്റെ പതനമുഖ സംരക്ഷണത്തിനായി അനുവദിച്ച തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജലസംരക്ഷണ പദ്ധതികൾ

2529. ശ്രീ.എസ്.ശർമ്മ

,, രാജു എബ്രഹാം

,, എം.ചന്ദ്രൻ

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനും വിതരണത്തിനുമായി 2013-14 വർഷം പ്രഖ്യാപിച്ച 400 കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതികളുടെ പുരോഗതി വിശദമാക്കാമൊ:

(ബി) അവയ്ക്കായി എത്ര തുക ചെലവഴിച്ചെന്നും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി ഇത് എത്ര മാത്രം സഹായകരമായി എന്നും അറിയിക്കാമോ;

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കാൻ 2012-13 ൽ പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമൊ ?

ചമ്രവട്ടം പദ്ധതി

2530. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം പദ്ധതി പ്രദേശത്ത് റഗുലേറ്റർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) വൈദ്യുതി കണക്ഷൻ എന്നത്തേയ്ക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇടമലയാർ ജലസേചന പദ്ധതി

2531. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ജലസേചന പദ്ധതിയുടെ എം.സി. റോഡ് ക്രോസിംഗ് ചെയ്യുന്ന ചെയിനേജിന്റെ 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഏതു വർഷത്തെ ആക്ഷൻ പ്ലാനിലാണ് ഉൾപ്പെടുത്തിയിരുന്നത്; ഇതിന് എന്നാണ് ഭരണാനുമതി നൽകിയത്െന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് ഭരണാനുമതി നൽകിയ സമയത്തെ അടങ്കൽ തുക എത്രയായിരുന്നു; ഇപ്പോഴത്തെ അടങ്കൽ തുക എത്രയാണ്;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തി സ്പ്ലിറ്റ് അപ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ഇതിന്റെ കാലതാമസത്തിന് കാരണമെന്തെന്നും വിശദമാക്കാമോ?

## <u>കുട്ടനാട് പാക്കേജ്</u>

2532. ശ്രീ.ജി.സുധാകരൻ

,, സി.കെ സദാശിവൻ

,, എ.എം. ആരിഫ്

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ;

(ബി) പദ്ധതികൾ ഒന്നും പൂർത്തീകരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിരുന്നോ;

(സി) തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ;;

(ഡി) പാക്കേജ് നടപ്പിലാക്കാനുള്ള സമയം കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതികൾ എങ്ങനെ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

## <u>ഡാമുകളുടെ സംഭരണശേഷി</u>

2533. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസംരക്ഷണ പദ്ധതികൾ

2534. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുദ്ധജലവിതരണം നടത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജലനിധി പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പുറക്കാട് ഗ്രാമപഞ്ചായത്തിലെ കടൽ ഭിത്തി നിർമ്മാണം

2535. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്തിലെ പുലിമുട്ടുകളുടെ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കുമോ;

(ബി) ഏതു സ്കീമിൽ ഉൾപ്പെടുത്തിയാണ് പുലിമുട്ട് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 1, 18 വാർഡുകളിൽ പുലിമുട്ട് നിർമ്മിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ചേമ്പറിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ; യോഗത്തിന്റെ തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) 1, 18 വാർഡുകളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ;

(എഫ്) അടുത്ത മൺസൂൺ കടലാക്രമണത്തിന് മുമ്പ് നിർമ്മാണം ആരംഭിക്കുവാൻ

കഴിയുമോ;

(ജി) സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പുലിമുട്ട് നിർമ്മിക്കുന്നതിന് തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ?

## കോഴിക്കോട് കനോലി കനാൽ പാർശ്വ ഭിത്തി നിർമ്മാണം

2536. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന്റെ പാർശ്വഭിത്തി കെട്ടുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് ഫയൽ നമ്പറുകൾ സഹിതം വിശദമാക്കുമോ?

## കുറ്റ്യാടി ജലസേചന പദ്ധതി കനാലുകളിലെ ശുചീകരണ പ്രവൃത്തികൾ

2537. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളിൽ വെള്ളം തുറന്നുവിടുന്നതിനു മുമ്പുള്ള ശുചീകരണ പ്രവൃത്തികൾ ഈ വർഷം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര തുകയാണ് ഇതിന് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കനാൽ ശുചീകരണ പ്രവൃത്തികൾ പല സ്ഥലങ്ങളിലും പൂർത്തീകരിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## പെരുംതോട് ഭാഗത്തെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ എടുത്തിട്ടുള്ള പ്രവൃത്തി

2538. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തിലെ പെരുംതോട് ഭാഗത്തെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ എടുത്തിട്ടുള്ള പ്രവൃത്തി ഏത് വർഷത്തെ ആക്ഷൻ പ്ലാനിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിന് എന്നാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയത്;

(സി) കരാർ പ്രകാരം ഈ പ്രവൃത്തി എന്നാണ് പൂർത്തിയാക്കേണ്ടത്;

(ഡി) ഈ പ്രവൃത്തിക്ക് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര തവണ ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്;

(ഇ) ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനു കാരണം വിശദമാക്കാമോ;

(എഫ്) ഭരണാനുമതി നല്കിയ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

<u>കോഴിക്കോട് പുതിയാപ്പ എടയ്ക്കൽ താഴത്ത് കടൽ ഭിത്തി നിർമ്മാണം</u>

2539. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയാപ്പ എടയ്ക്കൽ താഴത്ത് കടൽ ഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്</u>

2540. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പല പ്രദേശത്തും കടുത്ത ശുദ്ധജലക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വരൾച്ചകാലത്ത് ശുദ്ധജലം ലഭ്യമാവുന്നതിന് പ്രയോജനപ്പെടുത്തിയിരുന്ന കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള കനാലുകൾ നവീകരിക്കുന്നതിനോ തുറന്ന് വിടുന്നതിനോ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വരൾച്ച പ്രദേശത്തേയ്ക്ക് ജലം ലഭ്യമാക്കുന്നതിന് അടിയന്തരമായി പ്രസ്തുത കനാലുകൾ തുറന്ന് വിടാൻ നടപടികൾ സ്വീകരിക്കുമോ ?

<u>കാസർഗോഡ് ജില്ലയിൽ കടൽ ഭിത്തി നിർമ്മാണം</u>

2541. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ഭാഗങ്ങളിൽ ഇനി കടൽഭിത്തി നിർമ്മിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കഴിഞ്ഞ കാലവർഷത്തിൽ ജില്ലയിലെ ഏതൊക്കെ ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണം നടന്നിട്ടുള്ളത്; ഈ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## പൂറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവ് കരയിടിച്ചിൽ ഒഴിവാക്കുന്നതിന് നടപടി

T 2542. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവ് പ്രദേശത്ത് ഭാരത പുഴയുടെ തീരത്ത് വ്യാപകമായി കരയിടിഞ്ഞ് പോകുന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുകാരണം ആളുകൾ വീടൊഴിഞ്ഞ് പോകുന്നതും കൃഷി നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കരയിടിച്ചിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ അടിയന്തരമായി ഇടിഞ്ഞ ഭാഗം നന്നാക്കുന്നതിനും ഇടിച്ചിൽ ഒഴിവാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

## ഒറ്റപ്പാലം ഭൂതത്താൻകെട്ട് ചെക്ക് ഡാം

2543. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ഭൂതത്താൻകെട്ടിൽ ചെക്ക് ഡാം പണിയുന്നതിനായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകി; എന്നാണ് നൽകിയത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ചെക്ക്ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ ;ഇല്ലെങ്കിൽ തടസ്സം വ്യക്തമാക്കാമോ;

(സി) ചെക്ക്ഡാമിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിച്ച് എന്ന് കമ്മീഷൻ കഴിയും എന്നാണ് കരുതുന്നത് ; വിശദാംശം ലഭ്യമാക്കാമോ?

## കുന്നംകുളം-ഗുരുവായൂർ വാട്ടർ സപ്ലൈ സ്കീം

2544. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി തൃശ്ശൂർ പി.എച്ച്. ഡിവിഷൻ - കുന്നംകുളം സെക്ഷൻ കീഴിൽ വരുന്ന, 3.16 കോടി രൂപയുടെ ഭരണാനുമതി നൽകിയ കുന്നംകുളം-ഗുരുവായൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായിട്ടുള്ള പാറേമ്പാടം മുതൽ വൈ.എം.സി.എ. കുന്നംകുളം വരെയുള്ള ഭാഗത്തെ കാലപ്പഴക്കം ചെന്ന 400 എം. എം. പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ടെന്റർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>നിട്ടാറമ്പ് ക്രോസ് ബാർ</u>

2545. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ നിട്ടാറമ്പ് ക്രോസ് ബാർ നിർമ്മാണത്തിന് എത്ര തുകയുടെ ധനസഹായമാണ് നബാർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏത് ഉത്തരവ് പ്രകാരമാണ് ഭരണാനുമതി ലഭിച്ചത് ;

(സി) നിട്ടാറമ്പ് ക്രോസ് ബാർ നിർമ്മാണം ഉപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) നിട്ടാറമ്പ് ക്രോസ് ബാർ നിർമ്മാണത്തിന് അഡീഷണൽ ഫണ്ട് ലഭ്യമാക്കണമോന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>കുപ്പിവെള്ള നിർമ്മാണ യൂണിറ്റ്</u>

2546. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) കുപ്പിവെള്ളത്തിന്റെ വില വർദ്ധിപ്പിക്കുന്നതും മാലിന്യം കലർന്ന വെള്ളം വിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ ?

<u>കടൽഭിത്തി നിർമ്മാണം</u>

2547. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ 2014-15 വർഷം കടലാക്രമണ നിരോധന പദ്ധതിയിൽ എവിടെയെല്ലാമാണ് കടൽഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) നിരന്തരമായി ഉണ്ടാകുന്ന കടൽ ക്ഷോഭം കണക്കിലെടുത്ത് പയ്യോളി കൊളാവി കടപ്പുറത്തും അയനിക്കാട് കടപ്പുറത്തും കൊല്ലം കോളം കടപ്പുറത്തും ചെറിയമങ്ങാട് പ്രദേശത്തും കടൽഭിത്തി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ചിറ്റാരകടവ് റഗലേറ്റർ കം ബ്രിഡ്ജ്

2548. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ചിറ്റാരകടവ് റഗലേറ്റർ കം ബ്രിഡ്ജിന്റെ ടെക്നിക്കൽ സാംഗ്ഷന് വേണ്ടിയുള്ള അപേക്ഷയിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) 01.01.2015 ന് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി എന്നത്തേക്ക് ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ ?

കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി

2549. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ കരാർ തുക എത്രയാണെന്നും കരാറുകാർ ആരൊക്കെയാണെന്നും കരാറുകാർക്ക് ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

2550. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് നിലവിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടിരുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;പുതിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തു കാലതാമസം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ;ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## ജലാശയങ്ങളുടെ സംരക്ഷണം

2551. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലാശയങ്ങളും ജലാശയ ഉറവിടങ്ങളും വ്യാപകമായി നികത്തുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഈ സാഹചര്യത്തിൽ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ജലസ്രോതസ്സ്, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

## പമ്പാനദിയിലെ മലിനീകരണം

2552. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, സാജു പോൾ

,, സി.രവീന്ദ്രനാഥ്

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിലെ ജലത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവും അനുവദനീയമായ പരിധിയും എത്രയെന്നു അറിയിക്കുമോ;

(ബി) പമ്പയെ മാലിന്യ മുക്തമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി ഉണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പമ്പാനദിയിലെ ജലം കുടിക്കുന്നതിനും ഗാർഹികാവശ്യത്തിനുമായി ഉപയോഗിക്കുന്ന തീരവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പമ്പാ ആക്ഷൻ പ്ലാൻ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

<u>കുപ്പിവെള്ളം ഉല്പാദനവും വിൽപ്പനയും</u>

2553. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളം ഉല്പാദിപ്പിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന കമ്പനികൾക്ക് ജലവിഭവ വകുപ്പ് എന്തെങ്കിലും അനുമതി നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര കമ്പനികൾക്ക് ഇതുവരെ അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രതിമാസം എത്ര ലിറ്റർ കുപ്പിവെള്ളത്തിന്റെ ഉല്പാദനം സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന കണക്ക് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ചെങ്ങന്നൂർ മണ്ഡലത്തിലെ ജലസേചന നിർമ്മാണ പ്രവൃത്തികൾ</u>

2554. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മേജർ, മൈനർ ഇറിഗേഷൻ വിഭാഗത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട് എന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചു എന്നും പൂർത്തീകരിക്കാനുള്ളത് എത്ര എന്നും, ഇനം തിരിച്ച്, കരാർ തുക, കരാറുകാരന്റെ പേര് സഹിതം ലഭ്യമാക്കുമോ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത മണ്ഡലത്തിൽ പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

2555. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിച്ചു; അവ ഏതെല്ലാം;ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചു; വിശദമാക്കുമോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതുതായി കുളങ്ങൾ നവീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>തിരുവനന്തപുരം പേട്ട സീവറേജ് ലൈൻ</u>

2556. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കൽ മുതൽ പുള്ളിലൈൻ വരെയുള്ള സീവറേജ് ലൈൻ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മൂന്നാം മനയ്ക്കലിൽ എന്നത്തേയ്ക്ക് സീവറേജ് ലൈൻ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

<u>എലവത്തിങ്കൽ ചിറഫാം റോഡ് നന്നാക്കൽ</u>

2557. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴfൽ വരുന്നതും 2014-15 ലെ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കടങ്ങാട് പഞ്ചായത്തിലെ എലവത്തിങ്കൽ ചിറഫാം റോഡ് നന്നാക്കൽ പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ടെന്റർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ വേനലിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## ഭാരതപ്പുഴയിൽ തടയണകളുടെ നിർമ്മാണം

2558. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള കിണറുകളെ ആശ്രയിച്ച് നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ജല ലഭ്യത ഉറപ്പാക്കുവാൻ നിർമ്മിച്ചിട്ടുള്ള തടയണകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഓരോ തടയണയും നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) നിർമ്മാണം പൂർത്തിയാക്കാത്തതായി ഏതെങ്കിലും തടയണയുണ്ടെങ്കിൽ അവ എന്ന് ആരംഭിച്ചുവെന്നും അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം പൂർത്തിയാക്കാനുള്ള തടസ്സങ്ങളെന്താണെന്നും എപ്പോൾ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നും പറയാമോ;

(ഇ) ഏതെങ്കിലും തടയണയുടെ നിർമ്മാണം പുതിയതായി ആരംഭിക്കുവാനുണ്ടെങ്കിൽ അതിന്റെ ഭരണാനുമതി-ടെന്റർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ഭാരതപ്പുഴയിലെ ജലനിരപ്പ് തുടർച്ചയായി താഴുന്നതുകാരണം ഭാവിയിൽ ഉണ്ടായേക്കാവുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുവാൻ തടയണകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

## മുടപ്പന്നൂരിൽ ചെക്ക് ഡാം

2559. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ മുടപ്പന്നൂരിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ അംഗീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായോ ;

(സി) ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ ?

## വിദേശരാജ്യങ്ങളുടെ സഹായത്തോടുകൂടി ജലവിതരണ പദ്ധതികൾ

2560. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ തരം തിരിച്ച് വിദേശരാജ്യങ്ങളുടെ സഹായധനത്തോടുകൂടി മാതൃക ജലവിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുമോ?

## മിഷൻ **676** പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

2561. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതി പ്രകാരം ജലവിഭവ വകുപ്പ് മണലൂർ നിയോജകമണ്ഡലത്തിലും ഗുരുവായൂർ മുൻസിപ്പാലിറ്റിയിലുമായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു നിർമ്മാണഘട്ടത്തിലാണെന്നും എന്നേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ ?

## താനൂർ തീരപ്രദേശത്ത് കടൽഭിത്തി

2562. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശത്ത് കഴിഞ്ഞ കാലവർഷത്തിൽ കനത്ത കടലാക്രമണമുണ്ടായി നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭം മൂലം ഉള്ള നാശനഷ്ടങ്ങൾ നേരിടുന്നതിന് കടൽഭിത്തി കെട്ടി സംരക്ഷിക്കുന്ന ജോലി ഏത് ഘട്ടത്തിലാണ്;

(സി) താനൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കടൽഭിത്തി ആവശ്യമുള്ളതെന്ന് നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇവ എത്രയും പെട്ടെന്ന് പണിയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ ഫീൽഡ് ചാനലുകൾ ഉപയോഗ്യമാക്കുന്നതിനുള്ള നടപടികൾ

2563. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കമാന്റ് ഏരിയാ ഡെവലപ്പ്മെന്റ് ഏജൻസി മുഖേന നിർമ്മിച്ച ഫീൽഡ് ചാനലുകൾ കാലപ്പഴക്കം മൂലം തകർന്ന് ഉപയോഗശൂന്യമായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫീൽഡ് ചാനലുകൾ അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗ യോഗ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

## കോഴിക്കോട് ജില്ലയിൽ കാഡ പദ്ധതി

2564. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഡ പദ്ധതി പ്രകാരം 2014-15 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പ്രവൃത്തികളും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

## ചെറുകിട കുടിവെള്ള പദ്ധതികൾ.

2565. ശ്രീ.കെ.അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.ഡി.സതീശൻ
,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് ആന്റ് കോമ്പൻസേഷൻ ക്ലയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ

T 2566. ശ്രീ.എ.കെ.ബാലൻ
,, കെ.വി.വിജയദാസ്
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ച പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് ആന്റ് കോമ്പൻസേഷൻ ക്ലയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011, കേന്ദ്രസർക്കാർ തിരിച്ചയച്ചിട്ടുണ്ടോ?

(ബി) ബിൽ കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിരുന്നത് എപ്പോഴായിരുന്നു; ഇത് മടക്കി അയക്കുന്നതിന് എന്തു കാരണമാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്; മുൻ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്ന നിലപാട് എന്തായിരുന്നു;

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഭൂജല വകുപ്പ് പരിപാടികൾ

2567. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂജല വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളും തുകയും വ്യക്തമാക്കുമോ;

(ബി) ഈ വരൾച്ചാക്കാലത്ത് വകുപ്പ് മുഖേന ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(സി) ജില്ലാ ഭരണകൂടം മുഖേന പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം അറിയിക്കുമോ;

(ഡി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രവർത്തനസജ്ജമല്ലാത്ത എത്ര കുഴൽക്കിണറുകളാണ് ഉള്ളത്; ആയത് ഏതൊക്കെ ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് നിലനിൽക്കുന്നത്; പ്രസ്തുത ജലസ്രോതസ്സുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറവൻതുരുത്ത് പ്രദേശത്തെ കുടിവെള്ള പ്രശ്നം

2568. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിക്കാ ചേർത്തല പ്രോജക്ടിന് വെള്ളം എത്തിക്കുന്ന മറവൻതുരുത്ത് പഞ്ചായത്ത് പ്രദേശത്ത് ആകെ എത്ര തവണ പൈപ്പ് പൊട്ടിയിട്ടുണ്ട് ; 4 കി.മീറ്റർ പ്രദേശത്ത് പൊട്ടാത്ത പൈപ്പ് ഇടുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോട്ടയത്ത് വിളിച്ചുചേർത്ത യോഗ തീരുമാനങ്ങൾ എന്തായിരുന്നു ;

(ബി) ഇതുപ്രകാരം പൈപ്പ് സ്ഥാപിക്കാനതിനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) പൈപ്പ് മാറ്റി സ്ഥാപിക്കാത്തതിനാൽ പകൽ സമയം മാത്രമുള്ള പമ്പിങ്ങ് കൊണ്ട് കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം നേരിടുന്നതും പ്രസ്തുത പ്രോജക്ട് ഗുണം ലഭിക്കാതെ പോകുന്നതും എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>ജല അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള തുക</u>

2569. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളിൽനിന്ന് സംസ്ഥാന ജല അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ളത് എത്ര കോടിരൂപയാണെന്ന് വെളിപ്പെടുത്താമോ ; ഇതിൽ ഫ്ലാറ്റുകൾ, വൻകിട ഹോട്ടലുകൾ, വ്യവസായികൾ തുടങ്ങിയ വൻകിട ഉപോഭോക്താക്കളിൽ നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുകയെത്ര ;

(ബി) തദ്ദേശസ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഇനത്തിൽ കിട്ടേണ്ട തുക പിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

<u>എം.എൽ.എ ആസ്തി വികസന ഫണ്ടുവഴി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ</u>

2570. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ടുവഴി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുവാൻ മുൻഗണന നൽകുമോ;

(ബി) ഇക്കാര്യത്തിൽ അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ ;

(സി) ജലവിഭവ വകുപ്പുവഴി ഇതുവരെ എം.എൽ.എ.മാർ നൽകിയ പദ്ധതികളിൽ

ഏതെങ്കിലും പൂർത്തിയാക്കിയോ ; വിശദമാക്കുമോ?

<u>സമഗ്ര കുടിവെള്ള പദ്ധതി</u>

2571. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് എന്നത്തേക്ക് കുടിവെള്ള വിതരണം നടത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>പമ്പ് ഹൗസുകളുടേയും പ്ലാന്റുകളുടെയും പ്രവർത്തനം</u>

2572. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളുടേയും പ്ലാന്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ എല്ലാ മെയിന്റനൻസ് ഡിവിഷനുകളിലും മെക്കാനിക്കൽ സൂപ്രണ്ട് തസ്തികൾ അനുവദിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

<u>മാടായി കുടിവെള്ള പദ്ധതി</u>

2573. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാടായി ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മാടായി ഐ.ടി.ഐയുടെ 5 സെന്റ് സ്ഥലം ലഭ്യമാക്കി അവിടെ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

<u>ജിക്കാ പദ്ധതികൾ</u>

2574. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, കെ.മുരളീധരൻ
,, പാലോട് രവി

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഇതിനു കീഴിൽ കമ്മീഷൻ ചെയ്യുന്നുണ്ട്; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## ഗ്രാമീണ ശുദ്ധജല പദ്ധതികൾ

2575. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, കെ.മുരളീധരൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ശുദ്ധജല പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിലുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഗ്രാമീണ ശുദ്ധജല വിതരണത്തിൽ മികവ് കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## മംഗലംഡാം സമഗ്ര കുടിവെള്ള പദ്ധതി

2576. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;

(സി) പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(ഡി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>വിദ്യാലയ ജലരക്ഷാ പദ്ധതി</u>

T 2577. ശ്രീ.കെ.ശിവദാസൻ നായർ

,, എ.റ്റി.ജോർജ്

,, വി.പി.സജീന്ദ്രൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി "ജലരക്ഷാ പദ്ധതി " നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) കേരളത്തിലെ എല്ലാ സ്കൂളുകളിലും ഈ പദ്ധതി ആരംഭിക്കാൻ വ്യവസ്ഥയുണ്ടാക്കുമോ ; ഇതിന്റെ മാനദണ്ഡം എന്ത് ;

(സി) എൻ.സി.സി., എൻ.എസ്.എസ്. പദ്ധതികളുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുമോ ; വിശദാംശം നൽകുമോ ;

(ഡി) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

<u>കുടിവെള്ള ക്ഷാമത്തിന് പരിഹാരം</u>

2578. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിക്ക ജില്ലകളിലും കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ ജല അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ആയതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് ജല അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുമെന്ന് അറിയിക്കുമോ?

<u>നെടുമ്പന, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി</u>

2579. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സഹായത്തോടെ നെടുമ്പന, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി ലഭ്യമാക്കുമോ;

(ബി) പദ്ധതി എന്നത്തേക്ക പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>കുന്നാർ ഡാമിന്റെ ശേഷി</u>

2580. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്ത് ഇപ്പോൾ കുടിവെള്ളം എത്തിക്കുന്നത് എവിടെ നിന്നാണ്; പ്രതിമാസം എത്ര ലിറ്റർ വെള്ളമാണ് മണ്ഡലകാലത്ത് ശബരിമലയിൽ എത്തിക്കുന്നത് ;

(ബി) കുന്നാർ ഡാമിന്റെ ശേഷി എത്രയാണ് ;ശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് ഉന്നതാധികാരി സമിതി തീരുമാനം എടുത്തിട്ടും നടപ്പാക്കാൻ കഴിയാത്തത് എന്തുകൊണ്ട്;

(ഡി) ഇതിനു തടസ്സമായി ഉന്നയിക്കുന്ന കാരണം എന്തൊക്കെയാണ്;ഇതു പരിഹരിക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചത്?

<u>റീജിയണൽ ഹെൽത്ത് ലാബുകൾ</u>

2581. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ റീജിയണൽ ഹെൽത്ത് ലാബുകൾ എവിടെയെല്ലാം നിലവിലുണ്ട് ;

(ബി) പുതിയ റീജിയണൽ ഹെൽത്ത് ലാബുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ റീജിയണൽ ഹെൽത്ത് ലാബ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

<u>കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി</u>

2582. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിനെ കുടിവെള്ള വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ പ്രാരംഭ ചർച്ചയിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിന് സർക്കാർ എന്തെങ്കിലും ഉറപ്പുകൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ഉറപ്പുകളാണ് നൽകിയിട്ടുള്ളത്;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്; കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പദ്ധതി ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ?

## കൊറ്റംകര പഞ്ചായത്തിലെ കുടിവെള്ള പദ്ധതി

2583. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറ്റംകര പഞ്ചായത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച കുടിവെള്ള പദ്ധതിയുടെ നാൾവഴി ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നിർമ്മാണ പുരോഗതിയും കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കുമോ;കാലതാമസത്തിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## വരൾച്ചയെ നേരിടുന്നതിന് അനുവദിച്ച തുക

2584. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വേനൽക്കാലത്ത് കടുത്ത വരൾച്ചയും ജലക്ഷാമവും നേരിടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശുദ്ധജല വിതരണം നടത്തുന്നതിന് ഓരോ ജില്ലയ്ക്കും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### തൃക്കാക്കര, കളമശ്ശേരി ശുദ്ധജല പദ്ധതി

2585. ശ്രീ.ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കളമശ്ശേരി മുൻസിപ്പാലിറ്റികളിൽ നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത് ;ഇതിന്റെ പണി ഏത് വരെയായി ;

(സി) ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഭാരതപ്പുഴയിലെ ജലനിരപ്പ്

2586. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലെ ജലനിരപ്പ് ദിനംപ്രതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുകാരണം ഭാരതപ്പുഴയെ മാത്രം ആശ്രയിച്ച് നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികളിൽ ജലലഭ്യത കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ മേഖലയിലെ പദ്ധതിക്കിണറുകളിൽ ജലലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

### നിലയ്ക്കലിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി

2587. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കലിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കിയോയെന്നും ഇല്ലെങ്കിൽ ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ആയത് നടപ്പിലാക്കുമോയെന്നും വ്യക്തമാക്കുമോ ?

### ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിന് കർമ്മപദ്ധതികൾ

T 2588. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ആർ . സെൽവരാജ്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഉത്തരവ് പുറപ്പെടുവിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് അടിസ്ഥാനമാക്കി എടുത്തിട്ടുള്ളത്;

(ഇ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

<u>ദേശീയ ജലപാത</u>

2589. ശ്രീ.അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ജലപാതയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) മിഷൻ 676 ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു വിശദമാക്കുമോ ?

<u>പടിയൂർ ഗ്രാമപഞ്ചായത്തിൽ ഐ.റ്റി.ഐ സ്ഥാപിക്കുന്നതിന് സ്ഥലം</u>

2590. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബഡ്ജറ്റ് പ്രസംഗങ്ങളുടെ മറുപടി പ്രസംഗത്തിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി ഐ.റ്റി.ഐ സ്ഥാപിക്കുമെന്ന് ബഹു. തൊഴിൽ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും തുടർന്ന് പടിയൂർ

ഗ്രാമപഞ്ചായത്തിൽ ഐ.റ്റി.ഐ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കും എന്ന് വ്യക്തമാക്കിക്കൊണ്ട് സ്ഥലം എം.എൽ.എ കത്ത് നൽകുകയും ചെയ്തിരുന്നുവോ;

(ബി) ബഡ്ജറ്റ് പ്രസംഗങ്ങളുടെ മറുപടി പ്രസംഗത്തിൽ നിയമസഭയിൽ ബഹു. മന്ത്രി നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

<u>ഒക്യുപേഷണൽ ഹെൽത്ത് സെൻററിൻറെ പ്രവർത്തനം</u>

2591. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് ഉദ്ഘാടനം ചെയ്ത ഒക്യുപേഷണൽ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ജീവനക്കാരെ നിയമിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ?

<u>ടി.സി.എസ്. ജീവനക്കാരുടെ പിരിച്ചുവിടൽ</u>

2592. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോ പാർക്കിലെ ടി.സി.എസ്. എന്ന ഐ.ടി കമ്പനിയിൽ നിന്നും ജീവനക്കാരെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാർ അംഗീകരിച്ച എസ്.ഇ.സെഡ് പൊളിസി പ്രകാരം പ്രത്യേക സാമ്പത്തിക മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാണ് എന്നതിൽ നിലപാട് വ്യക്തമാക്കുമോ?

<u>ചവറ കെ.എം.എം.എൽ. തൊഴിലാളികളുടെ അനിശ്ചിതകാല സമരം</u>

2593. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ. തൊഴിലാളികൾ, കമ്പനിപ്പടിക്കൽ അനിശ്ചിതകാല സമരം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളി സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ കൂടിയാലോചന നടത്താൻ നടപടി സ്വീകരിക്കുമോ?

## അഭയം പദ്ധതി

2594. ശ്രീ.ബെന്നി ബെഹനാൻ

,, ടി.എൻ. പ്രതാപൻ

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അഭയം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഭവനരഹിതരായ ക്ഷേമ ബോർഡ് അംഗങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്?

## കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ക്ഷേമനിധി

2595. ശ്രീ.പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേയക്ക് നാളിതുവരെ എത്ര രൂപ സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്;

(ബി) ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കുമോ;

(സി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായുള്ള തൊഴിലാളികളുടെ അംശാദായം എത്ര തവണ കൂട്ടിയിട്ടുണ്ട്;

(ഡി) തൊഴിലാളികളുടെ അംശാദായം കൂട്ടുന്നതിനനുസരിച്ച് സർക്കാർ വിഹിതം കൂട്ടിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) തൊഴിലാളി വിഹിതം ഇനിയും വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

## കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസുകളുടെ പ്രവർത്തനം

2596. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസുകളിൽ ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ ആയത് ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു മൂലം ക്ഷേമനിധി അംഗങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആനുകൂല്യ അപേക്ഷകൾ ഒരു വർഷമായി തീർപ്പാക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകുവാൻ എത്ര കോടി രൂപ ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്

2597. ശ്രീ.പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ (2014-15) ഇതിൽ എത്ര തയ്യൽത്തൊഴിലാളികൾ അംഗങ്ങളാണെന്ന് അറിയിക്കാമോ;

(സി) ക്ഷേമനിധിയിനത്തിൽ നാളിതുവരെ തയ്യൽത്തൊഴിലാളികളിൽ നിന്നും എത്ര രൂപ അംശാദായമായി പിരിച്ചിട്ടുണ്ടെന്ന് ഓരോ വർഷത്തേയും കണക്കുകൾ അറിയിക്കാമോ;

(ഡി) നാളിതുവരെ എത്ര തുക ക്ഷേമനിധിയായി തയ്യൽത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് ഓരോ വർഷത്തേയും കണക്ക് അറിയിക്കാമോ ?

(ഇ) ക്ഷേമനിധി ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കുമോ?

## സ്വയം തൊഴിൽ പദ്ധതി

2598. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) . സർക്കാർ ഓരോ വർഷവും സ്വയം തൊഴിൽ പദ്ധതിക്ക് എത്ര രൂപ നീക്കിവച്ചു; അതിൽ ഓരോ വർഷത്തേയും ചെലവെത്രയാണ്;

(ബി) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്ര;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് പദ്ധതിക്കായി ചെലവഴിച്ച തുക നൽകിയത്;

(ഡി) വ്യക്തിഗതമല്ലാത്ത സംരംഭങ്ങൾ എത്ര;എത്ര രൂപ വീതം നൽകി; സ്ഥാപനങ്ങളുടെ പേര് വിവരം ജില്ല തിരിച്ച് നൽകാമോ?

<u>ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക വിതരണം</u>

2599. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ തൊഴിലാളി ക്ഷേമ പെൻഷനുകളിലും എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഓരോ ഇനത്തിലും എത്ര തുക കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പെൻഷൻ കുടിശ്ശിക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ശരണ്യാ സ്വയംതൊഴിൽ പദ്ധതി</u>

2600. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരണ്യാ സ്വയംതൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് ഒരാൾക്ക് നിലവിൽ നൽകുന്നത്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) പദ്ധതിക്കായി തെരഞ്ഞെടുക്കുന്നവർക്ക് പരിശീലനം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയിലേക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്രപേർ അപേക്ഷിച്ചിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ?

<u>അസംഘടിത തൊഴിൽ മേഖലയിലെ ചൂഷണം</u>

2601. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷംസംസ്ഥാനത്തെ അസംഘടിത തൊഴിൽ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്കുകൾ വഴി വിതരണം ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് വാഗ്ദാനം ചെയ്യപ്പെട്ട വേതനം ലഭിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാർക്കും അവരുടെ വേതനം ബാങ്കുകളിലൂടെ ലഭ്യമാകുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ</u>

2602. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശദായം അടയ്ക്കുന്ന തൊഴിലാളികൾക്ക് ആനുപാതികമായി തൊഴിലുടമവിഹിതവും സർക്കാർ വിഹിതവും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തയ്യൽ തൊഴിലാളി നിയമം ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടെ മിനിമം പെൻഷൻ 1000 രൂപയും മരണാനന്തര ആനുകൂല്യം 25000 രൂപയുമാക്കുന്നതും സംബന്ധിച്ച് നയം വ്യക്തമാക്കാമോ;

(ഡി) തയ്യൽ തൊഴിലാളികളുടെ ചികിത്സാ ധനസഹായവും വിവാഹ ധനസഹായവും വർദ്ധിപ്പിയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

<u>അസംഘടിത മേഖലയിലെ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ</u>

2603. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ തൊഴിൽ രഹിതർക്കായി വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ - മൾട്ടി പർപ്പസ് ജോബ് ക്ലബ്സ് -കൾക്കായി 2 കോടി രൂപ 2014-15- ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് പ്രസ്തുത മേഖലയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല, തൊഴിൽ ക്ലബ്ബ്, ചെലവഴിച്ച തുക എന്നിങ്ങനെ ഇനം തിരിച്ച് എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

## ചുമട്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ

2604. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടവും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

## തയ്യൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

2605. ശ്രീ.പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ള തയ്യൽ തൊഴിലാളികളുടെ മിനിമം പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടെ മരണാനന്തര ആനുകൂല്യം 1987-ൽ 10,000 രൂപയായിരുന്നത് 25000 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിവാഹ ധനസഹായം 15000 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് 2015 ജനുവരി വരെ ആനുകൂല്യങ്ങൾ എത്ര കുടിശ്ശികയുണ്ട്; വിശദവിവരം വ്യക്തമാക്കുമോ;കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

## സ്വകാര്യ മേഖലയിലെ വേതന വിതരണം

2606. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിലെ അധ്യാപകർ സ്വകാര്യ മേഖലയിലെ മറ്റ് തൊഴിലാളികൾ എന്നിവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും, ആയത് ഇവർക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ മേഖലയിലെ ശമ്പളം ബാങ്ക് വഴി ലഭ്യമാക്കണമെന്ന കാര്യത്തിൽ സർക്കാരിന്റെ നയമെന്താണ് ; ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

2607. **ശ്രീ.പി.എ.മാധവൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ആർ . സെൽവരാജ്

**,,** പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലി ഭാരം സംബന്ധിച്ച്

പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സ്വകാര്യ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ഫെയർ വേജസ്

2608. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;വ്യക്തമാക്കുമോ;

(ബി) ത്രികക്ഷി അനുരഞ്ജന ചർച്ച പരാജയപ്പെടുന്ന പക്ഷം, ഫെയർ വേജസ് ആക്റ്റ് ഭേദഗതി ചെയ്യാൻ സന്നദ്ധമാകുമോ?

## ഹോട്ടൽ ജീവനക്കാർ തൊഴിൽ ചൂഷണത്തിന് വിധേയാരാകുന്നത്

2609. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ മുതലായ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാർ കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയാരാകുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ജോലി സമയം ദൈർഘ്യമേറിയതാണെന്നും ആനുപാതികമായി ശമ്പളം ലഭിയ്ക്കുന്നില്ലായെന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ മേഖലയിലെ തെഴിലാളികൾക്ക് സമയക്രമം നിശ്ചയിച്ച് മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള തൊഴിൽ ചൂഷണങ്ങൾ നടക്കുന്നുണ്ടോയെന്നത് പരിശോധിയ്ക്കുന്നതിന് സർക്കാർ സംവിധാനം ശക്തിപ്പെടുത്തുമോ?

## ആശുപത്രി വ്യവസായബന്ധ സമിതി

2610. **ശ്രീ.സി.പി.മുഹമ്മദ്**

**,,** എം.എ. വാഹീദ്

**,,** ലൂഡി ലൂയിസ്

**,,** ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും

നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത സമിതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ പ്രസ്തുത സമിതി രൂപീകരണം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ?

## ക്ഷേമനിധി ബോർഡുകളുടെ പണം

2611. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് നിക്ഷേപ കാലാവധി തീരുന്നതിനു മുൻപ് തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പണം പിൻവലിച്ച് ട്രഷറിയിൽ നിക്ഷേപിച്ചാൽ ബോർഡുകൾക്ക് നഷ്ടമുണ്ടാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം മാറ്റിയിട്ടുള്ള തുകയുടെ മാറ്റം ചെയ്യുന്നതിന് ഏതെങ്കിലും ബോർഡുകൾ കടം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

## സ്വർണ്ണ വ്യാപാരികളുടെ സെസ്

T 2612. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സ്വർണ്ണ വ്യാപാരികളുടെ സെസ് കൃത്യമായി പിരിച്ചെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സ്വർണ്ണത്തൊഴിലാളി ക്ഷേമനിധി സെസ് കുടിശികയായിട്ടുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏറ്റവും കൂടുതൽ കുടിശിക വരുത്തിയിട്ടുള്ള പത്ത് സ്വർണ്ണ വ്യാപാര സ്ഥാപനങ്ങളുടെ പേരും കുടിശ്ശിക തുകയും വെളിപ്പെടുത്താമോ?

## ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ട്രഷറി നിക്ഷേപം

2613. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുമ്പോൾ പലിശ ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇപ്പോൾ ബാങ്ക് നല്കുന്ന പലിശ എത്ര ശതമാനം എന്നറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച തൊഴിൽ വകുപ്പിന്റെ നിലപാട് വിശദമാക്കുമോ;

## അന്യസംസ്ഥാന തൊഴിലാളികൾ

2614. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും എത്തിച്ചേരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധനവ് സംസ്ഥാനത്തിന്റെ സാമ്പത്തിക ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇവരുടെ താമസം, ആരോഗ്യപ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

## അന്യസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി

2615. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി.ബൽറാം
,, ജോസഫ് വാഴയ്ക്കൻ
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി നിലവിലുണ്ടോയെന്നും എങ്കിൽ ഇതിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) ഇവർക്കാവശ്യമായ ജോലി സാഹചര്യങ്ങൾ,ഇവരുടെ നിയന്ത്രണം എന്നിവ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കുമോ?

## തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം

2616. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിവിധ പദ്ധതികളും, മാനദണ്ഡങ്ങളും സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) നിലവിൽ അനുവദിക്കുന്ന ധനസഹായം കാലോചിതമായി ഉയർത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട്ടൈം ജോലി</u>

2617. ശ്രീ.എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട്ടൈം ജോലിക്ക് അപേക്ഷിക്കുന്ന വികലാംഗർക്കും വിധവകൾക്കുമുള്ള പ്രായപരിധി 55 വയസ്സായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ</u>

2618. ശ്രീ.വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ്

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൈപൂണ്യം സൃഷ്ടിക്കാനുദ്ദേശിക്കുന്നത് ?

<u>എസ്.എസ്.എൽ.സി തുല്യതാ പരീക്ഷ പാസ്സായ ജീവനക്കാർക്ക് പ്രമോഷൻ</u>

2619. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി തുല്യതാ പരീക്ഷ പാസ്സായ ആരെങ്കിലും എംപ്ലോയിമെന്റ് ഡയറക്ടേറ്റിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രമോഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;വിശദവിവരം ലഭ്യമാക്കുമോ;

(ബി) അപ്രകാരം പ്രമോഷൻ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സമുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളിൽ അപ്രകാരം അർഹമായ പ്രമോഷൻ നൽകിയിട്ടും എംപ്ലോയ്മെന്റ് വകുപ്പിൽ മാത്രം നൽകാത്തതിന് പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ;വിശദവിവരം ലഭ്യമാക്കുമോ?

<u>മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ</u>

2620. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാടായി ഐ.ടി.ഐ.യിൽ ഏതൊക്കെ ദ്വിവൽസര കോഴ്സുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്; പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ.ടി.ഐ. മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഇളമ്മാട് ഐ.റ്റി.ഐ മന്ദിര നിർമ്മാണം</u>

2621. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളമ്മാട് ഐ.റ്റി.ഐ യുടെ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>അനർഹമായി ഗ്രേഡും പ്രൊമോഷനും ലഭിച്ച ഇൻസ്ട്രക്ടർമാർ</u>

2622. ശ്രീ.എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിൽ സി.റ്റി.ഐ ക്ക് നിയോഗിച്ചിട്ട് ട്രെയിനിംഗിന് പോകാൻ വിസമ്മതിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാർക്ക് ഗ്രേഡും

പ്രൊമോഷനും നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളവരുടെ പേരുവിവരങ്ങൾ വിശദമാക്കാമോ?

സ്വകാര്യ മേഖലയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം

2623. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വകാര്യ മേഖലയിലും ജീവനക്കാരെ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അപ്ഗ്രേഡ് ചെയ്ത ഐ.ടി.ഐ. കൾ

2624. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര ഐ.ടി.ഐ. കളെ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;അവ ഏതെല്ലാം ; പ്രസ്തുത ഐ.ടി.ഐ. കൾക്ക് വേണ്ടി അനുവദിച്ച തുക വ്യകതമാക്കാമോ ;

(ബി) ഈ സർക്കാർ എത്ര ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്; അവ ഏതെല്ലാം ;

(സി) ബാക്കിയുള്ള ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ

2625. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിലവിൽ ഏതൊക്കെ ട്രേഡുകളിൽ, എത്രകുട്ടികൾക്ക് പഠിക്കുവാൻ സൗകര്യമുണ്ട് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ട്രേഡുകൾ അനുവദിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) കൂടുതൽ ട്രേഡുകൾ ആരംഭിക്കുവാൻ ഇവിടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമാണെന്ന കാര്യം ശ്രദ്ധിച്ചുവോ ;

(ഡി) പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ തയ്യാറാകുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## പുറക്കാട് ഗവ. **ITI** യ്ക്ക് കെട്ടിടം

2626. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗവ. ഐ.റ്റി.ഐ. യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിനായി പുറക്കാട് ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## വായ്പ എഴുതിത്തള്ളുന്നതിനായി ലഭിച്ച അപേക്ഷകൾ.

2627. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും എത്ര അപേക്ഷകൾ വായ്പ എഴുതിത്തള്ളുന്നതിനായി ലഭിച്ചുവെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ അപേക്ഷകളിൽ ഓരോ വർഷവും എത്ര അപേക്ഷകളിൽ അനുകൂല നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിനായി ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അനുകൂലമായി പരിഗണിക്കാത്ത അപേക്ഷകൾ ഏതെല്ലാമെന്ന് വർഷം തിരിച്ച് മേൽവിലാസം സഹിതം ലഭ്യമാക്കാമോ; അപേക്ഷ പരിഗണിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## പട്ടിക ജാതി പ്രൊമോട്ടർമാർ

2628. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ വർഷങ്ങളായി സേവനം അനുഷ്ഠിച്ച എസ്.സി. പ്രൊമോട്ടർമാരിൽ എത്ര പേരെ പിരിച്ച് വിടുകയുണ്ടായി ; ജില്ല തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) പ്രൊമോട്ടർമാരായി നിയമിക്കുന്നതിന് പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ ; ആകെ ലഭിച്ച അപേക്ഷകൾ എത്ര ;

(സി) അതിൽ നിലവിലുള്ളവരുടേതായ അപേക്ഷകൾ എത്രയായിരുന്നു ; എത്രപേർക്ക് നിയമനം നൽകി ; മാനദണ്ഡങ്ങൾ എന്തായിരുന്നു ;

(ഡി) നിലവിലുണ്ടായിരുന്ന എത്രപേർക്ക് പുതുതായി നിയമനം ലഭിക്കുകയുണ്ടായിട്ടില്ലെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രൊമോട്ടർമാർക്ക് വർധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മാസവേതനം എത്രയായിരുന്നു ; അവ എന്ന് മുതൽ നൽകുകയുണ്ടായി ?

## പട്ടിക ജാതി പ്രൊമോട്ടർമാർ

2629. **ശ്രീ.കെ.രാധാകൃഷ്ണൻ**

**,,** പുരുഷൻ കടലുണ്ടി

**,,** കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

**,,** എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. പ്രൊമോട്ടർമാരുടെ സേവനം വിലയിരുത്താറുണ്ടോ ;

(ബി) പിരിച്ചുവിട്ട എസ്. സി. പ്രൊമോട്ടർമാർക്ക് പകരം പുതിയ നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണ് ?

## കുമാരി ഗായത്രി പി.എസ് -ൻറെ പഠനത്തിന് ധനസഹായം

2630. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഇന്ദിരാഗാന്ധി രാഷ്ട്രീയ ഉറാൻ അക്കാഡമിയിൽ കമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് പ്രവേശനം ലഭിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുമാരി ഗായത്രി പി.എസ് -ൻറെ പഠനത്തിന് ധനസഹായം ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കുമാരി ഗായത്രിയുടെ പഠനത്തിനായി പരമാവധി ധനസഹായം അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

## ശ്രീമതി ടി. രാധയുടെ ധനസഹായ അപേക്ഷ

2631. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി ടി. രാധ, പുൽപറമ്പിൽ (ഹൗസ്), കോണോട്ട് പി.ഒ.എന്നയാൾ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിന്മേൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## പ്രവേശന പരീക്ഷാ പരിശീലനത്തിന് അനുവദിച്ച തുക.

2632. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനത്തിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര രൂപ വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് നല്കി എന്ന് അറിയിക്കാമോ ;

(ബി) ഇപ്രകാരം, മെഡിക്കൽ /എഞ്ചിനീയറിംഗ് പരീക്ഷാ പരിശീലനം നൽകുന്നതിന് 2011 മുതൽ 2015 വരെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപാ വീതം നൽകി; ഓരോ വർഷവും ഓരോ സ്ഥാപനവും എത്ര വിദ്യാർത്ഥികൾക്ക് വീതം പരിശീലനം നല്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പേർ എൻട്രൻസ് പരീക്ഷ ക്വാളിഫൈ ചെയ്തുവെന്ന് വർഷം തിരിച്ചും സ്ഥാപനാടിസ്ഥാനത്തിലുമുള്ള എണ്ണം നൽകാമോ ?

## പലിശയും പിഴപ്പലിശയും ഒഴിവാക്കൽ

2633. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് ജപ്തി നടപടികൾ നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക മാത്രം തവണകളായി തിരിച്ചടയ്ക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) നൂറനാട് പടനിലം കിടങ്ങയം ജോൺ വിലാസത്തിൽ നെപ്പോളിയൻ ജോർജ്ജിന്റെ ലോൺ കുടിശ്ശിക തുക എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## ചടയമംഗലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

2634. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്കക്ഷേമ വകുപ്പ് മുഖാന്തിരം 2011 ജൂൺ മുതൽ 2015 ഫെബ്രുവരി വരെ ചടയമംഗലം മണ്ഡലത്തിൽ നടപ്പിലായതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

## ചികിത്സാ ധനസഹായത്തിന് അപേക്ഷ

2635. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിലെ വേലായുധൻ, താഴെ പനന്തോടി (ഹൗസ്), കുളത്തൂർ, അത്തോളി എന്ന ആൾ പട്ടികജാതി ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എത്ര തുക അനുവദിച്ചെന്ന് വെളിപ്പെടുത്താമോ?

## പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് സഹായം .

2636. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, വർക്കല കഹാർ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണ്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ധനസഹായം നൽകി;വ്യക്തമാക്കുമോ ;

(ഡി) ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് ; വിശദമാക്കുമോ?

## പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ

2637. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ സ്ഥാപനം വഴി നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനം വഴി തൊഴിൽരഹിതർക്ക് കൂടുതൽ ലോൺ സൗകര്യങ്ങൾ നല്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ?

## പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

2638. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കോളനിയുടെയും പ്രവൃത്തി നടത്തുന്നത് ഏത് ഏജൻസികളാണെന്നും ഏതെല്ലാം കോളനികളാണ് ഓരോ ഏജൻസികളും ഏറ്റെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഓരോ പട്ടികജാതി കോളനിയുടെയും പ്രവൃത്തി ഏതു ഘട്ടത്തിലെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാത്ത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി ചികിത്സാ ധനസഹായ പദ്ധതി</u>

2639. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, കെ.മുരളീധരൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) എത്ര പേർക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്; വിശദമാക്കുമോ

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണം</u>

2640. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലീശ്വരം ഗ്രാമപഞ്ചായത്തിലെ നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണപ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) നവീകരണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>കേരളത്തിലെ പട്ടികജാതി സമുദായങ്ങൾ.</u>

2641. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കേരളത്തിലെ പട്ടികജാതി സമുദായങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുതുതായി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി സമുദായങ്ങൾ ഏതെല്ലാമാണെന്നും പറയാമോ;

<u>മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികൾ</u>

2642. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതെല്ലാം ; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ; ഈ കോളനികളിൽ പട്ടികജാതി ജനസംഖ്യ എത്രയെന്ന് കോളനി തിരിച്ച് വിശദമാക്കുമോ ;

(ബി) ഈ കോളനികളിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് കോളനി തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് ഭവന നിർമ്മാണ സഹായം ലഭിക്കുന്നതിന് പാക്കേജ് അനുവദിക്കുമോ ;

(ഡി) ഈ കോളനികളിൽ വൈ ദ്യുതീകരണം നടന്നിട്ടില്ലാത്ത വീടുകൾ എത്ര ; കോളനി തിരിച്ച് വിശദമാക്കുമോ ?

<u>പട്ടികജാതി വകുപ്പിന്റെ കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി വകുപ്പിന്റെ പ്രവൃത്തികൾ</u>

2643. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ രണ്ട് വർഷമായി നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ ഏതെങ്കിലും പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>പട്ടികജാതി സമുദായകർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വൈഷമ്യങ്ങൾ</u>

2644. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് താമസിക്കുന്ന പട്ടികജാതി സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം</u>

2645. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.അച്ചുതൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി വകുപ്പുമന്ത്രിയുടെ ചികിത്സാ നിധി</u>

2646. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പമന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നും ഓരോ വർഷവും എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ ധനസഹായം ലഭിച്ച, കണ്ണൂർ ജില്ലയിൽ നിന്നുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരെയും ഭൂരഹിതരെയും കണ്ടെത്തുന്നതിന് പുതിയ സർവ്വേ</u>

2647. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരെയും ഭൂരഹിതരെയും കണ്ടെത്തുന്നതിന് പുതിയ സർവ്വേ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കുന്ന തുക എത്രയാണ് ; ഈ തുക വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഗൃഹനിർമ്മാണത്തിന് പട്ടികജാതി വകുപ്പ് നൽകുന്ന തുകയെത്രയാണ് ; ഇന്ദിര ആവാസ് യോജന പ്രകാരം നൽകുന്ന തുക എത്രയാണ് ; രണ്ടു പദ്ധതിയിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ് ; ഈ തുകകൾ ഏകീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള സംവരണത്തിനുള്ള മേൽത്തട്ടു വരുമാന പരിധി.</u>

T 2648. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നില്ക്കുന്നവരെ മേൽത്തട്ടു വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) മേൽത്തട്ട് വരുമാന പരിധി പ്രകാരം സംവരണം ലഭിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യവും, വിദ്യാഭ്യാസ വായ്പ, ഏക മകൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയവയും അനുവദിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(ഡി) ആയത് സംബന്ധിച്ച് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വ്യവസ്ഥകൾ ക്രോഡീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് നിലവിൽ അതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം

2649. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-14 വർഷങ്ങളിൽ ഹയർ സെക്കൻഡറി പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് കുടിശ്ശിക ഉടൻ വിതരണം ചെയ്യുവാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണപദ്ധതി.

2650. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും ഓരോ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക എത്ര വീതമാണെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക ജാതികാർക്ക് വീടുവയ്ക്കുന്നതിനായി വാമനപുരം നിയോജക മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിൽപ്പെട്ട എത്ര പേർക്ക് ആനുകൂല്യം നല്കി; ഇവരുടെ പേര്, വർഷം, വിലാസം ഏത് പദ്ധതി പ്രകാരമാണ് തുക അനുവദിച്ചത് ഓരോരുത്തർക്കും അനുവദിച്ച തുക എന്നിവ വിശദീകരിക്കുന്ന പട്ടിക ലഭ്യമാക്കുമോ?

സംവരണതത്വം പാലിക്കപെടാത്തതിനെതിരെയുള്ള നടപടികൾ

2651. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതിസർട്ടിഫിക്കറ്റുമായി സർക്കാർ ജോലി സമ്പാദിച്ച എത്രപേർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുവെന്ന്iവ്യക്തമാക്കാമോ;

(ബി) കിർത്താഡ്സ് ഇവരെപ്പറ്റി റിപ്പോർട്ട് നൽകിയിട്ടും നടപടി ഒന്നും ഉണ്ടായിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

കോർപ്പസ് ഫണ്ട്

2652. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി കോർപ്പസ് ഫണ്ട് വഴി കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെ മണ്ഡലങ്ങളിലാണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതി.

2653. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതിക്കായി 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഓരോ വർഷവും എത്ര തുകവീതമാണ് നീക്കിവച്ചിരുന്നത് ; ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചു ;

(ബി) ഈ നാല് സാമ്പത്തിക വർഷങ്ങളിലും ഭവന നിർമ്മാണത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചത് ; അതിൽ എത്രപേരെ തെരഞ്ഞെടുത്തു ; എത്രപേർക്ക് എല്ലാ ഗഡുക്കളും അനുവദിച്ചു ; എത്രപേർ ഗൃഹനിർമ്മാണം പൂർത്തിയാക്കി ;

(സി) നാല് വർഷമായിട്ടും ഭൂരിഭാഗത്തിനും നിർമ്മാണം പൂർത്തിയാക്കാൻ

കഴിയാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ;

(ഡി) 2006-07 മുതൽ 2010-11 വരെ വിവിധ പദ്ധതികളിൽ എത്ര പട്ടികജാതി വിഭാഗങ്ങളുടെ ഗൃഹനിർമ്മാണമാണ് മുടങ്ങിക്കിടക്കുന്നതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) 2011-12 മുതൽ 2014-15 വരെ വിവിധ പദ്ധതികളിലായി എത്ര പട്ടികജാതി വിഭാഗങ്ങളുടെ ഗൃഹനിർമ്മാണ പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) മുടങ്ങികിടക്കുന്ന ഗൃഹനിർമ്മാണം പൂർത്തീകരിക്കാൻ എന്തെങ്കിലും പദ്ധതി ലക്ഷ്യമിടുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

2654. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, ഐ.സി.ബാലകൃഷ്ണൻ**

**,, തേറമ്പിൽ രാമകൃഷ്ണൻ**

**,, ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) 2013-14 സാമ്പത്തിക വർഷം യഥാസമയം അപേക്ഷ സമർപ്പിച്ച എത്ര വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇനിയും വിതരണം ചെയ്യാനുണ്ട്?

## സസ്പെൻഷൻ സമയത്തെ ആനുകൂല്യം

2655. **ശ്രീ.എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി .സുകുമാരൻ ആശാരി, റിട്ട. ട്രയിനിംഗ് സൂപ്രണ്ട്, റോഡരികത്ത് വീട്, കുന്നത്തുകാൽ, കാരക്കോണം പി.ഒ. പട്ടികജാതി വികസന വകുപ്പിൽ ട്രെയിനിംഗ് സൂപ്രണ്ടായിരിക്കവേ സസ്പെന്റ് ചെയ്യപ്പെട്ട കാലയളവിലെ സബ്സിസ്റ്റൻസ് അലവൻസ് ഒഴികെയുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ;

(ബി) ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ?

<u>സ്വയംപര്യാപ്ത ഗ്രാമ പദ്ധതി</u>

2656. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ വികസനത്തിന് വേണ്ടി നടപ്പിലാക്കുന്ന സ്വയംപര്യാപ്ത ഗ്രാമ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഏജൻസികളിൽ ചിലത് അവയുടെ പ്രവർത്തനം പൂർത്തീകരിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സമഗ്രമായി വിലയിരുത്തുന്നതിന് ഉന്നതതല യോഗം നടത്തുമോ?

<u>സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി</u>

2657. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി യിൽ ഉൾപ്പെടുത്തിയ കോഴിക്കോട് കാട്ടുവയൽ കോളനിയിൽ എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് ജില്ലാ ആഫീസർമാരുടെയും ഏജൻസി പ്രതിനിധികളുടെയും 24.07.2013-ലെയോഗത്തിൽ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നതിനു മുമ്പ് എം.എൽ.എ.യെ അറിയിച്ചിരുന്നോയെന്നും കൂടിയാലോചനകൾ നടത്താതിരുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(ബി) എം.എൽ.എ. നിർദ്ദേശിച്ച പദ്ധതി ഉദ്യോഗസ്ഥന്മാർ ഏകപക്ഷീയമായി ഉപേക്ഷിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അന്വേഷണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ പ്രവൃത്തികളാണ് ഇങ്ങിനെ

ഉപേക്ഷിച്ചതെന്ന് വിശദമാക്കുമോ?

<u>പട്ടികജാതിക്കാർക്ക് വിവിധ പദ്ധതികൾ</u>

2658. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതിക്കാർക്ക് വിവിധ പദ്ധതികൾ നടപ്പാക്കാനായി മിൽമയ്ക്ക് എത്ര രൂപ നൽകി; പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പദ്ധതികൾ എത്ര ശതമാനം പൂർത്തിയാക്കി ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കിയത് വഴിയുണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് നൽകാമോ?

<u>പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ് ടോപ് നല്കുന്ന പദ്ധതി</u>

2659. **ശ്രീ.എ.കെ.ബാലൻ**
**,, ബാബു എം. പാലിശ്ശേരി**
**,, കെ.കുഞ്ഞമ്മത് മാസ്റ്റർ**
**,, പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ് ടോപ് നല്കുന്ന പദ്ധതി പ്രകാരം എത്രയെണ്ണം വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട് ; ഇതിനായി പണം നൽകുന്നതിനു പകരം ലാപ് ടോപ് തന്നെ വാങ്ങി വിതരണം ചെയ്യാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ;

(ബി) ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ തയ്യാറാക്കിയത് ആരാണ് ; പട്ടികജാതി വകുപ്പിന്റെ വെബ് സൈറ്റിൽ ഇതു സംബന്ധിച്ച ടെണ്ടർ നൽകിയത് ഏത് രീതിയിലാണ് ; പ്രസ്തുത നോട്ടിഫിക്കേഷനോടൊപ്പം ലാപ്ടോപ്പിന്റെ വിശദാംശങ്ങൾ എല്ലാം നൽകിയിട്ടുണ്ടായിരുന്നുവോ ;

(സി) ടെണ്ടർ വിളിച്ചത് ആരാണ് ; ഇ.എം.ഡി. സർവ്വീസ്, ഓപ്പറേഷൻ സിസ്റ്റം തുടങ്ങിയ വിവരങ്ങൾ നല്കിയിട്ടുണ്ടായിരുന്നുവോ ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതൊക്കെ ; ക്വാളിഫൈ ചെയ്തവ ഏതൊക്കെ; ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക എത്ര ; എന്തു തുക ക്വാട്ട് ചെയ്ത ഏത് കമ്പനിക്കാണ് പർച്ചേസ് ഓർഡർ നല്കിയിരിക്കുന്നത് വിശദമാക്കാമോ?

## 2014-15 വർഷം അനുവദിച്ച കോർപ്പസ് ഫണ്ട്

2660. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി കോർപ്പസ് ഫണ്ട് ഇനത്തിൽ 2014-15 വർഷം ഓരോ ജില്ലയ്ക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ഇതുവരെയായി ചെലവഴിച്ചിട്ടുണ്ടെന്നും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കോർപ്പസ് ഫണ്ട് വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

## വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

2661. ഡോ.ടി.എം.തോമസ് ഐസക്
**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**
**,,** എസ്.രാജേന്ദ്രൻ
**,,** എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോവളം, കുമരകം, തേക്കടി, മൂന്നാർ, വയനാട്, ബേക്കൽ, വാഗമൺ, ഫോർട്ട്കൊച്ചി എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; അതിനായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ബി) വിനോദസഞ്ചാരകേന്ദ്രങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാനായി ഈ സർക്കാർ നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ കേന്ദ്രങ്ങളുടെ വികസനത്തെത്തുടർന്ന് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വ്യത്യാസം കണക്കാക്കിയിട്ടുണ്ടായിരുന്നുവോ?

## കാലടി-മലയാറ്റൂർ-ആതിരപ്പിള്ളി ടൂറിസം സർക്യൂട്ട്- മാസ്റ്റർ പ്ലാൻ

2662. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 24.6.2013 ൽ 44 ലക്ഷം രൂപയ്ക്ക് ഭരണനുമതി നല്കിയ കാലടി-മലയാറ്റൂർ-ആതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## സുനാമി ഫണ്ട് ഉപയോഗിച്ച് ബേക്കൽ പാർക്ക് നിർമ്മാണം

2663. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബേക്കൽ ബീച്ചിനടുത്ത് സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക് നിർമ്മിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്കായി തുറന്ന് കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ;

(സി) കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച മേൽ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്ക് തുറന്നു കൊടുക്കാൻ പറ്റാത്തത് ആരുടെ വീഴ്ചകൊണ്ടാണെന്ന് അറിയിക്കാമോ ;

(ഡി) BRDC നല്ല വരുമാനം ഉണ്ടാക്കി തരാൻ സാധ്യത നിലനിൽക്കുന്ന മേൽ പാർക്ക് തടസ്സങ്ങൾ നീക്കി എന്ന് ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കുമെന്ന് അറിയിക്കാമോ ?

## ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ്

2664. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ

,, വി.റ്റി.ബൽറാം

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിലാണ് മികവ് കാട്ടിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വിനോദസഞ്ചാര മേഖലകൾക്കാണു പദ്ധതി നടത്തിപ്പ് വഴി ഗുണം

ലഭിച്ചിട്ടുള്ളത് ; വിശദാംശം അറിയിക്കുമോ ?

<u>ടൂറിസം വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2665. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ആസ്ഥാനം എവിടെ സ്ഥിതി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയെന്നും കഴിഞ്ഞ സാമ്പത്തിക വർഷം അവ ഓരോന്നും നേടിയ ലാഭം എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടി പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര പേർക്ക് സ്ഥിര നിയമനവും താൽക്കാലിക നിയമനവും നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ടൂറിസം മേഖലയിൽ മദ്യനയത്തിന്റെ സ്വാധീനം</u>

2666. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയം ടൂറിസം മേഖലയെ ഏതൊക്കെ നിലയിൽ ബാധിച്ചിരുന്നെന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തിയിരുന്നോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

<u>ടൂറിസം പദ്ധതികൾ</u>

2667. ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ 2014-15 സാമ്പത്തിക വർഷം കേന്ദ്ര സഹായത്തോടെ ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിയ്ക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഗ്രാമീണ ടൂറിസം പദ്ധതികളുടെ വിജയത്തിന് ആക്കം കൂട്ടുന്ന തരത്തിൽ കേന്ദ്ര സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് അടിസ്ഥാനമേഖലയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനാവശ്യമായ നടപടികൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ പ്രാമുഖ്യം നല്കുമോയെന്ന് വെളിപ്പെടുത്തുമോ?

<u>ടൂറിസം ദിശാബോർഡുകൾ</u>

2668. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൽ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര വീതം ടൂറിസ്റ്റ് ദിശാബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ എത്ര തുക ചിലവിട്ടുവെന്ന് വ്യക്തമാക്കാമോ?

<u>ആലപ്പുഴ ഡി.റ്റി.പി.സി</u>

2669. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.റ്റി.പി.സി. യുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2013-14 വർഷങ്ങളിൽ ആലപ്പുഴ ഡി.റ്റി.പി.സി. ടൂറിസം പ്രമോഷന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ജില്ലയിലെ ടൂറിസം സഹകരണ സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കും ഡി.റ്റി.പി.സി. മുഖേന എന്തെല്ലാം സഹായസഹകരണങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

<u>കൊല്ലം ജില്ലയിലെ ടൂറിസം പദ്ധതികൾ</u>

2670. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സമ്പത്തികവർഷം കൊല്ലം ജില്ലയിൽ അനുമതി നൽകിയ ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്;

(ബി) അടങ്കൽ തുകയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കുമോ;

(സി) അനുമതി ലഭിക്കുന്നതിനായി ജില്ലയിൽ നിന്നും സമർപ്പിച്ചതും സർക്കാരിന്റെ പരിഗണനയിൽ ഉള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ആലപ്പുഴ ബോട്ടുജട്ടിയിൽ വിശ്രമ കേന്ദ്രവും, കടമുറികളും നിർമ്മിച്ചത്</u>

2671. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബോട്ടുജട്ടിയിൽ ടൂറിസം വകുപ്പ് വിശ്രമ കേന്ദ്രവും, കടമുറികളും നിർമ്മിച്ച വകയിൽ എത്ര തുക ചെലവായിട്ടുണ്ട് ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് മുനിസിപ്പാലിറ്റിയിൽ നിന്നും നിർമ്മാണാനുമതി വാങ്ങിയിരുന്നോ ;

(ഡി) പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നമ്പർ ലഭ്യമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുവരെ കെട്ടിട നമ്പർ ഇടാൻ കഴിയാതിരുന്നതെന്നും എന്ന് ഇതിന്റെ നടപടികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുമെന്നും അറിയിക്കുമോ ?

<u>മുനമ്പം, ചെറായി ബീച്ചുകളുടെ വികസന നവീകരണ പ്രവർത്തനങ്ങൾ</u>

2672. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം, ചെറായി ബീച്ചുകളിൽ വിവിധ തരം വികസന നവീകരണ പ്രവർത്തനങ്ങൾക്കായി 2012 ജനുവരി മാസം മുതൽ ഇതുവരെ ചെലവിട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

<u>സ്പൈസസ് റൂട്ട് പദ്ധതി</u>

2673. ശ്രീ.ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, ലൂഡി ലൂയിസ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സ്പൈസസ് റൂട്ട് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിനോദസഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിയ്ക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>പൂമലച്ചാൽ ഇക്കോ ടൂറിസം പദ്ധതി</u>

2674. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആല പഞ്ചായത്തിലെ പൂമലച്ചാൽ ഇക്കോ ടൂറിസം പദ്ധതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) നിലവിലെ ഇക്കോ ടൂറിസം പദ്ധതി സംബന്ധിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് 2001-2006 കാലയളവിൽ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>വൈപ്പിൻ മണ്ഡലത്തിൽ മുസിരിസ് പൈതൃക പദ്ധതി</u>

2675. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ ഇതുവരെ പ്രാവർത്തികമാക്കാത്തതുമായ പ്രവൃത്തികളുണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>തോട്ടപ്പള്ളി ടൂറിസം പദ്ധതി</u>

2676. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതിയിൽ തോട്ടപ്പള്ളിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമാണ് ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്ര ടൂറിസം പദ്ധതിയിൽ തോട്ടപ്പള്ളിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കോതമംഗലത്ത് ടൂറിസം സൗകര്യങ്ങൾ</u>

2677. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് ടൂറിസ്റ്റുകൾക്ക് വേണ്ടി എന്തെല്ലാം പുതിയ സൗകര്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ടൂറിസവുമായി ബന്ധപ്പെട്ട ഈ പ്രദേശത്തിന്റെ പ്രാധാന്യം പരിഗണിച്ച് ടൂറിസ്റ്റുകൾക്കായി വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) DTPC, KTDC , ടൂറിസവുമായി ബന്ധപ്പെട്ടുള്ള വിവിധ ഏജൻസികളെയും സംഘടിപ്പിച്ച് വർഷം തോറും ഇവിടെ ടൂറിസം ഫെസ്റ്റിവൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ?

## അതിരപ്പിള്ളി വെള്ളച്ചാട്ടം

2678. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വെള്ളച്ചാട്ടം സന്ദർശിക്കാനെത്തുന്ന വിനോദ സഞ്ചാരികൾക്കായി ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒന്നര ഏക്കർ സ്ഥലത്ത് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ആസ്വദിക്കാവുന്ന തരത്തിൽ ഒരു കാർ റോപ്പ് വേ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിയുടെ കാലാവധി നീട്ടൽ സംബന്ധിച്ച അപേക്ഷ

2679. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി.യുടെ ഇപ്പോഴത്തെ സെക്രട്ടറിയാരാണെന്നും ഇദ്ദേഹം സെക്രട്ടറി പദം ഏറ്റെടുത്ത തീയതി എന്നാണെന്നും സെക്രട്ടറി പദം ഏത് തീയതി വരെയാണെന്നും വിശദമാക്കാമോ;

(ബി) കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ഡി.റ്റി.പി.സി. സെക്രട്ടറിയ്ക്ക് കാലാവധി നീട്ടിക്കൊടുക്കാൻ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ ?

## ഹുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമനം

2680. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പാർട്ട് ടൈം ടൈപ്പ്റൈറ്റിംഗ് ഇൻസ്ട്രക്ടർമാരെ നിയമിച്ചത് എന്നാണ്; എത്ര പേരെ നിയമിച്ചു ; നിയമനം ഏത് രീതിയിൽ ആയിരുന്നു ; വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ഫുൾ ടൈം ഇൻസ്ട്രക്ടർമാരായി സ്ഥാനകയറ്റം നൽകിയത് എന്നത്തെ ബോർഡ് തീരുമാനപ്രകാരം ആയിരുന്നു ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇവർ ഇപ്പോൾ ഏത് തസ്തികയിലാണ് സേവനം അനുഷ്ഠിക്കുന്നത്; ആയതിന്റെ സാഹചര്യം വിശദമാക്കാമോ;

(സി) 1986 മുതൽ കഴിഞ്ഞ ശമ്പള പരിഷ്കരണം വരെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പാക്കിയ എല്ലാ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും ഈ വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ 21/08/2013 ൽ അനുവദിച്ച ശമ്പള പരിഷ്കാരങ്ങൾ ഇവർക്ക് നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

## അഷ്ടമുടിക്കായൽ ടൂറിസം മാസ്റ്റർ പ്ലാൻ

2681. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസം വികസനം സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ; മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കാമോ?

## ഫുട്ട്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

2682. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ട്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പാർട്ട് ടൈം ടൈപ്പ്റൈറ്റിംഗ് ഇൻട്രക്ടർമാരായി നിയമിക്കപ്പെട്ടവരിൽ ഇപ്പോൾ എത്രപേർ സർവ്വീസിൽ ഉണ്ടെന്നും, ആരൊക്കെ എന്നൊക്കെ വിരമിച്ചുയെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കിന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഫുട്ട്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ അനുവദിച്ച ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

കേരള നിയമസഭാ

പി.ഡി.ശാരംഗധരൻ,

സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം, സെക്രട്ടറി.

11-03-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.